# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മേപ്പയൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.കെ.ഡി/പി6/1282/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 23/07/2022
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മേപ്പയൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മേപ്പയൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മേപ്പയൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.കെ.ഡി/പി6/1282/2022 തീയ്യതി: 23/07/2022

## കോഴിക്കോട് ജില്ലയിലെ മേപ്പയ്യൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ മേപ്പയ്യൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. രത്നസിംഗ്.കെ.പി | ഡെപ്യൂട്ടി ഡയറക്ടർ | 29-06-2022 | 06-07-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 29-06-2022 | 06-07-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സതീഷ് കുമാർ.കെ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)
ശ്രീ.ജയകുമാർ പാലോളി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ജയൻ.പി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ഷിബിൻ.കെ.എസ്, ഓഡിറ്റർ
ശ്രീ.വിജേഷ്.കെ.കെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. റീന.പി.കെ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ശ്രീ. രാജൻ.കെ.ടി | പ്രസിഡന്റ് | 21-12-2020 | 31-03-2021 |
| ശ്രീ. രാജേഷ്.എ | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. അനിൽകുമാർ.കെ.പി | അസി. സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി. ദീപ.ടി | അസി. എഞ്ചിനിയർ | 01-04-2020 | 31-03-2021 |
| ശ്രീ. മൊയ്തീൻ ഷാ.എൻ.കെ | കൃഷി ഓഫീസർ | 01-04-2020 | 21-02-2021 |
| ശ്രീമതി. രാജി.വി.പി | കൃഷി ഓഫീസർ | 22-02-2021 | 31-03-2021 |
| ഡോ. മഹേഷ്.കെ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2020 | 22-01-2021 |
| ഡോ. വിക്രം.വി.വി | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 23-01-2021 | 31-03-2021 |
| ഡോ. ദിവ്യശ്രീ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2020 | 31-03-2021 |
| ഡോ. ബിന്ദു.എസ് | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2020 | 21-01-2021 |
| ഡോ. സ്വപ്ന.സി | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 21-01-2021 | 31-03-2021 |
| ഡോ. പ്രീത.ഇ.കെ | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീ. ശിവദാസൻ.വി.പി | ഹെഡ് മാസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീമതി. പുഷ്പ.കെ.പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 30-04-2020 |
| ശ്രീമതി. റീനകുമാരി.പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-05-2020 | 31-03-2021 |
| ശ്രീമതി. സ്മിത.എം.കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 17-09-2020 |

| | | | |
|---|---|---|---|
| ശ്രീമതി. ജീജ.കെ.എം | ഡയറി ഫാം ഇൻസ്ട്രക്ടർ | 18-09-2020 | 31-03-2021 |
| ശ്രീ. രജീഷ്.സി.കെ | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ശ്രീമതി. ഷിൻല.വി.ബി | വി.ഇ.ഒ | 01-04-2020 | 21-10-2020 |
| ശ്രീ. വിപിൻദാസ്.പി.വി | വി.ഇ.ഒ | 02-11-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Shibin K S (Auditor, On 10-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Shibin K S (Auditor, On 03-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Shibin K S (Auditor, On 10-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Shibin K S (Auditor, On 03-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Shibin K S (Auditor, On 10-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 1-4 |
| 6 | ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ<br>Written By: Shibin K S (Auditor, On 10-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 1-4-1 |
| 7 | പദ്ധതി അവലോകനം<br>Written By: Shibin K S (Auditor, On 10-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: Jayakumar Paloli (Asst. Audit Officer, On 11-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 1-6 |
| 9 | എം ജി എൻ ആർ ഇ ജി എസ് പദ്ധതി - നടത്തിപ്പിലെ അപാകതകൾ<br>Written By: Jayakumar Paloli (Asst. Audit Officer, On 10-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 1-6-1 |
| 10 | ക്ഷേമപദ്ധതികൾ<br>Written By: Shibin K S (Auditor, On 10-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 1-7 |
| 11 | വിവിധ ക്ഷേമ പെൻഷനുകൾക്കുള്ള അപേക്ഷകളിൽ തീരുമാനം കൈക്കൊള്ളുന്നതിൽ കാലതാമസം<br>Written By: Shibin K S (Auditor, On 10-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 1-7-1 |
| 12 | ക്യാഷ് പരിശോധന<br>Written By: Shibin K S (Auditor, On 03-07-2022)<br>Last Updated By: Shibin K S (Auditor, On 03-07-2022) | 1-8 |
| 13 | ആഭ്യന്തര നിയന്ത്രണം<br>Written By: Shibin K S (Auditor, On 11-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 1-9 |
| 14 | ഐ.എൽ.ജി.എം.എസ് - യഥാസമയം ഔട്ട് ഡോർ പോസ്റ്റിംഗ് നടത്താതെ കൺട്രോൾ അക്കൗണ്ടിൽ തുക അവശേഷിക്കുന്നു<br>Written By: Shibin K S (Auditor, On 10-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 1-10 |
| 15 | വസ്തു നികുതി കണക്കാക്കിയതിലെ അപാകതകൾ<br>Written By: Vijesh K.K (Auditor, On 11-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 1-11 |
| 16 | തറ വിസ്തീർണ്ണഘടനാ പരമായും മാറ്റം വന്ന കെട്ടിടങ്ങളുടെ നികുതി പരിഷ്കരണത്തിലെ അപാകത | 1-12 |

| | | |
|---|---|---|
| | Written By: Vijesh K.K (Auditor, On 11-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | |
| 17 | ലോഡ്ജിങ് ആവശ്യത്തിനുള്ള കെട്ടടങ്ങൾ അപ്പാർട്ട്മെന്റായി നമ്പർ വാങ്ങുന്നു<br>Written By: Vijesh K.K (Auditor, On 11-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 1-13 |
| 18 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം - അധിക തുക നൽകി<br>Written By: Sathish Kumar K (Audit Officer (HG), On 10-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 1-14 |
| 19 | സുഫലം -വിഷരഹിതഫലം പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: Jayakumar Paloli (Asst. Audit Officer, On 10-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 1-15 |
| 20 | പയർകൃഷി വികസനം അനർഹമായി സബ്സിഡി അനുവദിച്ചു.<br>Written By: Jayakumar Paloli (Asst. Audit Officer, On 10-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 1-16 |
| 21 | കുടിവെള്ള പദ്ധതികൾ തുടർ നടത്തിപ്പിനായി ഗുണഭോക്തൃസമിതികൾക്ക് കൈമാറിയില്ല<br>Written By: Jayan P (Senior Grade Auditor, On 07-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 1-17 |
| 22 | ബഡ്സ് സ്കൂൾ കെട്ടിടനിർമ്മാണം എങ്ങുമെത്തിയില്ല-ഭിന്നശേഷി സൗഹൃദമല്ലാത്ത കെട്ടിടത്തിൽ ബഡ്സ് സ്കൂൾ പ്രവർത്തിക്കുന്നു-അടിസ്ഥാനസൗകര്യങ്ങളില്ലാതെ കുട്ടികൾ<br>Written By: Jayan P (Senior Grade Auditor, On 07-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 1-18 |
| 23 | ഭിന്നശേഷിക്കാർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ- രേഖകൾ ഹാജരാക്കിയില്ല<br>Written By: Jayan P (Senior Grade Auditor, On 07-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 1-19 |
| 24 | ഇ-ടെണ്ടർ ഫോറം വില എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ലഭ്യമാക്കിയിട്ടില്ല.<br>Written By: Jayakumar Paloli (Asst. Audit Officer, On 10-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 1-20 |
| 25 | മാലിന്യ നീക്കം കാര്യക്ഷമമല്ല- എം.സി.എഫ്,മിനിഎം.സി.എഫ് എന്നിവ മാലിന്യകൂമ്പാരം<br>Written By: Jayan P (Senior Grade Auditor, On 07-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 1-21 |
| 26 | അഗതിരഹിത കേരളം പദ്ധതി നടപ്പിലാക്കിയില്ല- അഗതികളുടെ സമഗ്രവികസനം സാദ്ധ്യമായില്ല<br>Written By: Jayan P (Senior Grade Auditor, On 07-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 1-22 |
| 27 | കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല<br>Written By: Sathish Kumar K (Audit Officer (HG), On 10-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 1-23 |
| 28 | മുൻകാല ഡെപ്പോസിറ്റുകൾ തനതുഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല<br>Written By: Sathish Kumar K (Audit Officer (HG), On 10-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 1-24 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം - അധിക തുക നൽകി<br>Written By: Sathish Kumar K (Audit Officer (HG), On 11-07-2022) | 3-1 |

| | | |
|---|---|---|
| | Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | |
| 2 | പയർകൃഷി വികസനം അനർഹമായി സബ്സിഡി അനുവദിച്ചു<br>Written By: Jayakumar Paloli (Asst. Audit Officer, On 11-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 3-2 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Shibin K S (Auditor, On 10-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Shibin K S (Auditor, On 10-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ<br>Written By: Shibin K S (Auditor, On 10-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Shibin K S (Auditor, On 10-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Shibin K S (Auditor, On 10-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Shibin K S (Auditor, On 11-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Shibin K S (Auditor, On 10-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Shibin K S (Auditor, On 03-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Shibin K S (Auditor, On 03-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Shibin K S (Auditor, On 11-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Shibin K S (Auditor, On 03-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

മേപ്പയ്യൂർ ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ബജറ്റ് 23.03.2020 തീയതിയിലെ 64/2020 നമ്പർ തീരുമാന പ്രകാരവും പുതുക്കിയ ബജറ്റ് 19.02.2021 തീയതിയിലെ തീരുമാന നമ്പർ 44/2021 പ്രകാരവും അംഗീകരിച്ചിട്ടുണ്ട്. 2020-21 ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| മുൻബാക്കി | 6,89,22,401 |
| വരവ് | 23,77,35,920 |
| ആകെ | 30,66,58,321 |
| ചെലവ് | 24,78,29,490 |
| നീക്കിയിരിപ്പ് | 5,88,28,831 |

തനത് വരമാനം -ബജറ്റ് എസ്റ്റിമേറ്റുമായി പൊരുത്തപ്പെടുന്നില്ല

പ്രധാന തനത് വരുമാന ഹെഡ്ഡുകളിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് വസ്തുതാപരമായല്ല. വാർഷിക കണക്കുകൾ പ്രകാരമുള്ള വരുമാനവുമായുള്ള വിടവ് ഇത് വ്യക്തമാക്കുന്നു. വ്യതിയാനത്തിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| ഹെഡ്ഡ് | ബജറ്റ് എസ്റ്റിമേറ്റ് | വാർഷികകണക്ക പ്രകാരം വരവ് |
|---|---|---|
| 110 - നികുതി വരവുകൾ | 65,00,000 | 57,16,572 |
| 150 – സെയിൽ & ഹയർ ചാർജസ് | 1,23,000 | 4,07,200 |
| 170 – നിക്ഷേപത്തിൽ നിന്നുള്ള വരുമാനം | 7,00,000 | 9,12,692 |
| 180 - മറ്റു വരവുകൾ | 25,000 | 7,62,530 |

വർക്ക് ഷീറ്റുകളുടെ അഭാവത്തിൽ മേൽ വ്യതിയാനത്തിനുള്ള കാരണം വ്യക്തമാകുന്നില്ല

ബജറ്റ് രേഖകൾ പൂർണ്ണമല്ല

വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1.ബജറ്റ് പ്രസംഗം

2.ബജറ്റ് കുറിപ്പുകൾ

3.ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും

4.പെർഫോമൻസ് ബജറ്റ്

5.ജെൻഡർ ബജറ്റ്

എന്നാൽ 2020-2021 സാമ്പത്തിക വർഷത്തിൽ മേൽ സൂചിപ്പിച്ച രേഖകൾ പ്രത്യേകം ബജറ്റ് ഡോക്യുമെന്റ് ആയി സൂക്ഷിച്ചിട്ടില്ല.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 31.08.2021 ( ILGMS ൽ തയ്യാറാക്കിയാണ് 2020-21 വാർഷിക ധനകാര്യ പത്രിക സമർപ്പിച്ചത്) |

## 1-2-1 വാർഷിക കണക്കിലെ അപാകതകൾ

മേപ്പയ്യൂർ ഗ്രാമപഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. മേപ്പയ്യൂർ ഗ്രാമപഞ്ചായത്തിൽ 01.04.2020 മുതൽ 05.10.2020 വരെയുള്ള കാലയളവിൽ സാംഖ്യാ അധിഷ്ഠിത സോഫ്റ്റ്‌വെയർ ഉപയോഗിച്ചും 06.10.2020 മുതൽ ILGMS സോഫ്റ്റ്‌വെയർ ഉപയോഗിച്ചുമാണ് ഇടപാടുകൾ നടത്തി വരുന്നത്. 06.10.2020 ന് സാംഖ്യാ സോഫ്റ്റ്‌വെയറിൽ നിന്ന് ILGMS ലേക്ക് മാറിയപ്പോൾ അതു വരെയുള്ള ഡാറ്റ ILGMS ൽ ഉൾപ്പെടുത്തുന്ന പാസ്റ്റ് ഡാറ്റാ എൻട്രി ചെയ്തതിൽ കണ്ട പൊരുത്തക്കേടുകൾ ചുവടെ ചേർക്കുന്നു.

| ഷെഡ്യൂൾ | ഇനം | സാംഖ്യ ക്ലോസിംഗ് ബാലൻസ് | ILGMS ഓപ്പണിംഗ് ബാലൻസ് |
|---|---|---|---|

| | | | |
|---|---|---|---|
| | Income &Expenditure Statement | | |
| I-14(a) | Decentralised Plan Programme (Service Sector) | 59,77,242 | 65,70,836 |
| I-14(b) | Decentralised Plan Programme (Infrastructure Sector) | 8,72,057 | 77,36,100 |
| I-14(c) | Decentralised Plan Programme- Projects Not Included In Sector Division | 5,38,929 | 9,97,942 |
| I-14(E) | Maintanance Project | 79,16,650 | ----- |
| | Balance Sheet | | |
| B-1 | Panchayath(General)Fund | -87,20,047.75 | -87,23,703.75 |
| B-4 | Grants & Contribution For Specific Purpose | 1,15,68,595 | 1,08,77,285 |
| B-9 | Other Liabilities | 651279.75 | 7,59,739.75 |
| B-11 | Fixed Asset | 6,77,22,548 | 9,69,307 |
| B-12 | Investments-General Fund | 1,16,24,179 | 1,12,25,173 |

2. 2020-21 വാർഷിക ധനകാര്യ പത്രിക റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് (RP-45) ഷെഡ്യൂൾ പ്രകാരം തൻവർഷത്തെ വസ്തു നികുതി(റസിഡൻഷ്യൽ) ഇനത്തിലെ കളക്ഷൻ 18,93,346/- രൂപയും വസ്തു നികുതി(നോൺ-റസിഡൻഷ്യൽ) ഇനത്തിലെ കളക്ഷൻ 18,81,482/- രൂപയുമാണ്. സഞ്ചയ ഡി.സി.ബി സ്റ്റേറ്റ്മെന്റ് പ്രകാരം തൻവർഷത്തെ വസ്തു നികുതി(റസിഡൻഷ്യൽ) ഇനത്തിലെ കളക്ഷൻ 19,06,694 രൂപയും വസ്തു നികുതി (നോൺ-റസിഡൻഷ്യൽ) ഇനത്തിലെ കളക്ഷൻ 18,88,111 രൂപയുമാണ്.

3. 2019-20 വർഷത്തെ ബാലൻസ് ഷീറ്റ് B-15 ഷെഡ്യൂൾ പ്രകാരം വസ്തു നികുതി(നോൺ-റസിഡൻഷ്യൽ) ഇനത്തിൽ 2,40,957/- രൂപ കുടിശ്ശികയുണ്ട്. 2020-21 വാർഷിക ധനകാര്യ പത്രിക റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് RP-45 പ്രകാരം Recievables For Property Tax On Non Residential Buildings

(Arrear) ഇനത്തിൽ 1,95,846/- രൂപയാണ് കളക്ഷന് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ 2020-21 ബാലൻസ് ഷീറ്റ് B-15 പ്രകാരം വസ്തു നികുതി (നോൺറസിഡൻഷ്യൽ) അരിയർ ഇനത്തിൽ 35,052 രൂപയാണ് പിരിച്ചെടുക്കാനുള്ളത്. (2,40,957-1,95,846=45,111 രൂപയാണ് വസ്തു നികുതി(നോൺറസിഡൻഷ്യൽ) അരിയർ ഇനത്തിൽ കുടിശ്ശികയായി B-15 ഷെഡ്യൂളിൽ ഉൾപ്പെടുത്തേണ്ടിയിരുന്നത് ). വസ്തു നികുതി കുടിശ്ശിക കണക്കിലെ അപാകത വിശദീകരിക്കേണ്ടതാണ്.

4. ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം തൻവർഷത്തെ കളക്ഷൻ 13,41,740/- രൂപയാണ്. എന്നാൽ വാർഷിക ധനകാര്യ പത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് RP-1 പ്രകാരം കളക്ഷൻ തുക 13,87,780/- രൂപയാണ് .

5. റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് (RP-45) ഷെഡ്യൂൾ പ്രകാരം Profession Tax-Institutions(Current), Profession Tax-Traders(Current) എന്നീ ഇനങ്ങളിലെ ആകെ കളക്ഷൻ തുക 4,37,230 രൂപയാണ്. എന്നാൽ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം തൻവർഷത്തിൽ Profession Tax-Institutions(Current), Profession Tax-Traders(Current) എന്നീ ഇനങ്ങളിലെ ആകെ കളക്ഷൻ 4,39,730 രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

6. വാടക രജിസ്റ്റർ പ്രകാരം Rent Recievables From Buildings (Current) ഇനത്തിലെ കളക്ഷൻ 3,87,700/- രൂപയാണ്. എന്നാൽ വാർഷിക ധനകാര്യ പത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് RP-45 പ്രകാരം Rent Recievables From Buildings(Current) ഇനത്തിലെ കളക്ഷൻ തുക 3,62,700 രൂപയാണ്.

7. റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് (RP-35) ഷെഡ്യൂൾ പ്രകാരം Advance Collection Of Revenues – Licence Fees For Factories,Traders,Enterprenuers &Other Services ഇനത്തിലെ വരവ് 1,54,200 രൂപയാണ്. എന്നാൽ 2021-22 വർഷത്തെ എഫ്.ടി.ഇ.എ&ഒ.എസ് രജിസ്റ്ററിൽ മേൽ തുകയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖപ്പെടുത്തലുകൾ ഇല്ല.

8. ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് I-6 ഷെഡ്യൂൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്കായ് ലഭിച്ച ജില്ലാ പഞ്ചായത്ത് വിഹിതം ഇനത്തിലെ ചെലവ് 65,32,769 രൂപയാണ് . എന്നാൽ സുലേഖ ചെലവ് പത്രിക പ്രകാരം സംയുക്ത പ്രോജക്ടുകൾക്കായ് ലഭിച്ച ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഇനത്തിലെ ചെലവ് 66,32,769/- രൂപയാണ്.

9. ബാലൻസ് ഷീറ്റ് ബി-14 സ്റ്റേറ്റ്മെന്റ് പ്രകാരം 26,823/- രൂപയുടെ സ്റ്റോർസ് 2020-21 ൽ നീക്കിയിരിപ്പുണ്ട്. എന്നാൽ ഇത് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

10. ഡെപ്പോസിറ്റ് ഇനത്തിൽ 2019-20 ബാലൻസ് ഷീറ്റ് B-7 ഷെഡ്യൂളിലെ തുക + (2020-21 വർഷം ലഭിച്ച തുക RP-33 വരവ് ഭാഗം) - (2020-21 വർഷത്തെ ചെലവ് RP-33 ചെലവ് ഭാഗം) ചെയ്താൽലഭിക്കുന്ന

തുകയായ 15,54,984 രൂപയും 2020-21 വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് B7 ഷെഡ്യൂളിലെ തുകയായ 15,13,984 രൂപയും വ്യത്യാസപ്പെട്ടിരിക്കുന്നു.

11. റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് RP-33 Deposits Recieved(R) പ്രകാരം 340100303-Election Deposit ഇനത്തിലെ വരവ് 90,500 രൂപയാണ്. എന്നാൽ 2020-21 വർഷത്തെ ഡെപ്പോസിറ്റ് രജിസ്റ്റർ സംക്ഷിപ്തം പ്രകാരം 40100303-Election Deposit ഇനത്തിലെ വരവ് 80,500 രൂപയാണ്.

12. ഡെപ്പോസിറ്റ് ഇനത്തിൽ 2020-21 വാർഷിക ധനകാര്യ പത്രിക റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് RP-33 Deposits Recieved-ചെലവ് ഭാഗത്തിലെ താഴെപ്പറയുന്ന ഹെഡുകളിലെ ചെലവുകളും 2020-21 വർഷത്തെ ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരമുള്ള ചെലവുകളും വ്യത്യാസപ്പെട്ടിരിക്കുന്നു.

| Code | Head | 2020-21 RP-33 Deposits Recieved(P) പ്രകാരമുള്ള തുക | 2020-21 ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരമുള്ള തുക |
|---|---|---|---|
| 340100103 | Bidder's EMD | 1000 | 2500 |
| 340100203 | Bidder's Security Deposit | 5000 | 30000 |
| 340100303 | Election Deposit | 50000 | 40000 |

13. ബാലൻസ് ഷീറ്റ് B-12 ഷെഡ്യൂൾ പ്രകാരം Investments-Fixed Deposits ഇനത്തിലെ നീക്കിയിരിപ്പ് 1,66,63,859/- രൂപയാണ്. എന്നാൽ ഇൻവെസ്റ്റ്മെന്റ് രജിസ്റ്ററിലെ 2020-21 സംക്ഷിപ്ത പ്രകാരം Investments-Fixed Deposits ഇനത്തിലെ നീക്കിയിരിപ്പ് 1,70,62,865/- രൂപയാണ്.

14. ആസ്തികൾക്ക് ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ തൻവർഷത്തേക്കുള്ള ഡിപ്രിസിയേഷൻ കണക്കാക്കിയത് വർക്ക് ഷീറ്റ് ഇല്ലാതെയാണ്.

15. വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

16. സെൻട്രൽ ഫിനാൻസ് കമ്മീഷൻ ടൈഡ്, ആൺടൈഡ് ഗ്രാന്റ് ഇനങ്ങളിൽ ACR പ്രകാരമുള്ള വരവ് തുകകളും RP-7 ലെ വരവ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,79,04,540 |
| ഓഡിറ്റ് വർഷത്തെ വരവ് | 7,99,30,905 |
| ആകെ | 9,78,35,445 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 8,64,95,307 |
| നീക്കിയിരിപ്പ് | 1,13,40,138 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 1,12,43,749 | 1,12,43,749 | 98,34,538 | 14,09,211 |
| വികസനഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 41,55,647 | 41,55,647 | 41,23,356 | 32,291 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 89,67,000 | 89,67,000 | 89,07,051 | 59,949 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 46,22,765 | 46,22,765 | 46,22,765 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 1,47,86,562 | 1,47,86,562 | 1,07,74,311 | 40,12,251 |

| | | | | | |
|---|---|---|---|---|---|
| - അൺടൈഡ് (ACR പ്രകാരം) | | | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ടൈഡ് ഗ്രാന്റ് (ACR പ്രകാരം) | 0 | 63,70,000 | 63,70,000 | 28,35,925 | 35,34,075 |
| സാക്ഷരത | 84,371 | 2,318 | 86,689 | - | 86,689 |
| ഐ.സി.ഡി.എസ് | 7,95,569 | 9,52,913 | 17,48,482 | 10,82,942 | 6,65,540 |
| എം.പി.ഫണ്ട് | 20,420 | 562 | 20,982 | - | 20,982 |
| വിമുക്തി | 54,002 | - | 54,002 | - | 54,002 |
| ശുചിത്വ മിഷൻ | 14,11,996 | 26,99,953 | 41,11,949 | 5,14,523 | 35,97,426 |

## 1-4-1 ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ

സർക്കാർ ഉത്തരവ് (കൈ) 16/2021/ത.സ്വ.ഭ.വ. പ്രകാരം ഐ.കെ.എം. തയ്യാറാക്കിയ മേപ്പയ്യൂർ ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ഗ്രാന്റ് വിനിയോഗ പത്രികയിലെ വിവരങ്ങൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന പൊരുത്തക്കേടുകൾ കാണുന്നു.

1)ഗ്രാന്റ് വിനിയോഗ പത്രികയിൽ ഉൾപ്പെടുത്തിയ വികസനഫണ്ട് (ജനറൽ), മെയിന്റനൻസ് (റോഡ്), മെയിന്റനൻസ് (നോൺ-റോഡ്) എന്നിവയുടെ ആകെ അടങ്കൽ (അലോക്കേഷൻ) ഐ.കെ.എം ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | ഗ്രാന്റ് വിനിയോഗ പത്രികയിലെ തുക | ഐ.കെ.എം. ചെലവ് പത്രികയിലെ തുക |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 3,51,49,936 | 1,57,17,937 |
| വികസനഫണ്ട് | 1,57,33,153 | 55,74,353 |

| | | |
|---|---|---|
| (എസ്.സി.പി) | | |
| മെയിന്റനൻസ് (റോഡ്) | 1,60,15,827 | 1,28,72,033 |
| മെയിന്റനൻസ് (നോൺ-റോഡ്) | 1,30,58,220 | 56,28,220 |

2) വികസനഫണ്ട് (ജനറൽ), വികസനഫണ്ട്(എസ്.സി.പി), മെയിന്റനൻസ് (റോഡ്), മെയിന്റനൻസ് ഗ്രാന്റ്(നോൺ-റോഡ്) ഇനങ്ങളിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് തുക രേഖപ്പെടുത്തിയതിന് ആധികാരികതയില്ല. സുലേഖ ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള അലോക്കേഷനും ചെലവും തമ്മിലുള്ള അന്തരമല്ല ബാലൻസ് ആയി ഉൾപ്പെടുത്തിയത്.

3) ഗ്രാന്റ് വിനിയോഗ പത്രികയിൽ ശുചിത്വ മിഷൻ ഗ്രാന്റ് ഇനത്തിൽ വരവായി ഉൾപ്പെടുത്തിയ തുക(23,77,544) വാർഷിക കണക്കിലെ തുകയുമായി (26,99,953) പൊരുത്തപ്പെടുന്നില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 153 | 11,13,38,540 | 119 | 6,09,45,380 | 21 | 13 | 77.78% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 1,609 | 8,91,33,310 | 8,91,34,919 | 8,91,15,957 | 18,962 |
| ഗുണ ഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 88,09,19,844 | 88,09,19,844 | 88,09,19,844 | - |

### 1-6-1 എം ജി എൻ ആർ ഇ ജി എസ് പദ്ധതി - നടത്തിപ്പിലെ അപാകതകൾ

എം ജി എൻ ആർ ഇ ജി എസ് പദ്ധതി പ്രകാരം ഓഡിറ്റ് വർഷങ്ങളിൽ നിർവ്വഹിക്കപ്പെട്ട പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ പ്രവൃത്തികൾക്കാവശ്യമായ വിവിധങ്ങളായ മെറ്റീരിയൽ

ലഭിക്കുന്നതിന് ഓരോ പ്രവൃത്തിയും ടെണ്ടർ റീടെണ്ടർ എന്നിവ ചെയ്തിട്ടും ആരും തന്നെ പങ്കെടുക്കാത്തതിനാൽ ഗ്രമപഞ്ചായത്ത് നെഗോസിയേഷൻ നടത്തുകയും എസ്റ്റിമേറ്റ് നിരക്കിൽ താഴെ പറയും പ്രകാരം കരാറുകാർക്ക് പ്രവൃത്തികൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

| ക്രമ നം | കരാറുകാരൻ | പ്രവൃത്തികളുടെ എണ്ണം |
|---|---|---|
| 1 | രജിലേഷ് | 15 |
| 2 | ജിഷി ഗോവിന്ദൻ | 13 |
| 3 | എ.സി.രവീന്ദ്രൻ | 6 |
| 4 | അനീഷ്.കെ | 5 |
| 5 | പന്തിരിക്കര ലേബർകോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 2 |

ഇക്കാരണത്താൽ ഓഡിറ്റ് വർഷം മെറ്റീരിയൽ പ്രവൃത്തികൾക്ക് സാധനങ്ങൾ ശേഖരിക്കപ്പെട്ടത് മത്സരാധിഷ്ഠിതമായല്ലെന്ന് കാണാം. മെറ്റീരിയൽ പ്രവൃത്തികൾ എപ്രകാരം നിർവ്വഹിക്കണമെന്ന് നിർദ്ദേശിച്ച കൊണ്ടുള്ള 31.1.2012 ലെ 93/2012/തസ്വഭവ നമ്പർ ഉത്തരവിൽ നിഷ്കർഷിക്കുന്ന വിധത്തിൽ സാധനങ്ങൾ സമാഹരിക്കാത്തതാണ് ഇതിലേക്ക് നയിച്ചതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ലേബർ ബജറ്റും വാർഷിക കർമ്മപദ്ധതിയും അന്തിമമായി ജില്ലാ തലത്തിൽ അംഗീകരിച്ച കഴിഞ്ഞാൽ ഓരോ അർദ്ധവർഷത്തിൽ/ മാസത്തിൽ സാധന സാമഗ്രികൾ/വിദഗ്ദ, അർദ്ധവിദഗ്ദ തൊഴിലാളികൾ എന്നിവ ഉപയോഗിച്ച് നിർവ്വഹിക്കേണ്ട പദ്ധതികളുടെ മുൻഗണന, പഞ്ചായത്തിൽ ഇതിനായി നിയോഗിച്ച സബ്കമ്മിറ്റി നിശ്ചയിക്കേണ്ടതാണെന്ന് മേൽ ഉത്തരവിൽ നിഷ്കർഷിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്ത് പ്രവൃത്തികൾ അംഗീകരിച്ച് കഴിഞ്ഞാൽ ഉടനെ പ്രവത്തികളുടെ വിശദമായ എസ്റ്റിമേറ്റ്, ഇതിനായി നിയോഗിക്കപ്പെട്ട എഞ്ചിനീയറിംഗ് വിംഗ് തയ്യാറാക്കേണ്ടതും, ഓരോ പ്രവൃത്തിക്കും ആവശ്യമായ സാധനങ്ങളുടേയും മനുഷ്യദിനങ്ങളുടേയും അളവ്/എണ്ണം എന്നിവ ഈ എസ്റ്റിമേറ്റ് അടിസ്ഥാനപ്പെടുത്തി കണക്കാക്കേണ്ടതുമാണെന്നും ഉത്തരവിൽ നിഷ്കർഷിക്കുന്നു. ഈ രണ്ട് നടപടികളും പൂർത്തീകരിക്കുമ്പോൾ ഓരോ മാസവും ആവശ്യമായ സാധനങ്ങളുടേയും മനുഷ്യദിനങ്ങളുടേയും വ്യക്തമായ കണക്ക് ലഭിക്കുന്നതാണ്. സാധനങ്ങളുടെ ആവശ്യകത കണക്കാക്കിയതിനു ശേഷം ഇവ ആറുമാസകാലയളവിലേക്ക് വിതരണം ചെയ്യുന്നവരെ തെരെഞ്ഞെടുക്കുന്നതിന്, അവശ്യമായ പരസ്യം

നല്കി ക്വട്ടേഷൻ/ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതും വിതരണക്കാരെ തെരെഞ്ഞെടുക്കേണ്ട തുമാണ്. കൂടുതൽ മത്സരക്ഷമതയുള്ള ടെണ്ടർ ലഭിക്കുന്നതിന് ഇ ടെണ്ടർ നടപടികൾ സ്വീകരക്കാവുന്നതുമാണ്. ഓരോ മാസവും വിതരണം ചെയ്യേണ്ട സാധനങ്ങളുടെ അളവ്, സ്ഥലം, സ്പെസിഫിക്കേഷൻ, തീയതി തുടങ്ങിയ കാര്യങ്ങൾ സെക്രട്ടറി, ആ മാസം തുടങ്ങുന്നതിനുമുമ്പുള്ള ഒരാഴ്ച്ചക്കം തന്നെ തെരെഞ്ഞെടുത്ത സ്ഥാപനങ്ങളെ അറിയിക്കേണ്ടതും, സാധനങ്ങൾ വിതരണം ചെയ്താൽ എഞ്ചിനീയർ അവ ഏറ്റുവാങ്ങി അളവെടുക്കേണ്ടതുമാണ്. വളരെ സുതാര്യമായതും പരമാവധി സാമ്പത്തിക മെച്ചം ലഭിക്കുന്നതുമായ മേൽ നടപടിക്രമം സ്വീകരിക്കാതെ, ഓരോ പ്രവൃത്തിക്കും ആവശ്യമായ മുഴുവൻ സാധനങ്ങളും ഓരോ കരാറുകാരിൽ നിന്നും എസ്റ്റിമേറ്റ് നിരക്കിൽ വാങ്ങിയത് ശരിയായ നടപടിയല്ല. അർദ്ധ വർഷത്തിൽ ആവശ്യമായ മൊത്തം സാധനങ്ങൾ വിതരണം ചെയ്യുന്നതിന് ടെണ്ടർ ക്ഷണിക്കുമ്പോൾ ക്വാറി ഉടമകൾ/അംഗീകൃത ഏജൻസികൾ ഓരോ ഇനത്തിനും ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്യാൻ സാധ്യതയുണ്ടെന്നിരിക്കെ, ഈ സാധ്യത പരിഗണിക്കാത്തത് വിശദീകരിക്കേണ്ടതാണ്.

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 1,31,13,300 | 930 |
| വിധവാ പെൻഷൻ | 1,74,75,700 | 1210 |
| വാർദ്ധക്യകാല പെൻഷൻ | 1,95,75,300 | 1568 |
| വികലാംഗ പെൻഷൻ | 56,37,000 | 399 |
| 50 വയസ്സു കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 7,52,100 | 56 |
| വിവാഹ ധനസഹായം | 60,000 | 2 |

### 1-7-1 വിവിധ ക്ഷേമ പെൻഷനുകൾക്കുള്ള അപേക്ഷകളിൽ തീരുമാനം കൈക്കൊള്ളുന്നതിൽ കാലതാമസം

മേപ്പയ്യൂർ ഗ്രാമപഞ്ചായത്തിലെ 2020-21 വർഷത്തെ വിവിധ ക്ഷേമ പെൻഷൻ അപേക്ഷാ രജിസ്റ്ററുകൾ പരിശോധിച്ചതിൽ ക്ഷേമ പെൻഷനുകൾക്കുള്ള അപേക്ഷകളിൽ നിശ്ചിത സമയപരിധിക്കകം തീരുമാനം കൈക്കൊള്ളുന്നതായി കാണുന്നില്ല. കർഷക തൊഴിലാളി പെൻഷൻ, വിധവാ പെൻഷൻ മുതലായ ഇനങ്ങളിൽ മാസങ്ങൾക്കു മുമ്പ് ലഭിച്ച അപേക്ഷകളിലും തീരുമാനം എടുക്കാൻ വൈകുന്നതായി രജിസ്റ്ററുകൾ പരിശോധിച്ചതിൽ വ്യക്തമാവുന്നു. കർഷകതൊഴിലാളി പെൻഷന് 45 ദിവസത്തിനകവും, മറ്റ് പെൻഷനുകൾക്ക് 40 ദിവസത്തിനകവും തീരുമാനമെടുക്കേണ്ടതായിട്ടുണ്ട്. സെക്രട്ടറി സേവന സോഫ്റ്റ്വെയറിൽ പെൻഷൻ അംഗീകാരം നൽകി ഡിജിറ്റൽ സിഗ്നേച്ചർ ചെയ്യുന്ന തീയതി മുതൽക്ക് മാത്രമാണ് പെൻഷൻ ഗുണഭോക്താക്കൾക്ക് ലഭിക്കുകയുള്ളു. അതിനാൽ അപേക്ഷ ലഭിച്ച് പരിശോധന നടത്തി സെക്രട്ടറി ഡിജിറ്റൽ സിഗ്നേച്ചർ ചെയ്യുന്നതിൽ കാലതാമസം വരുമ്പോൾ ഇത് ഗുണഭോക്താവിന് അർഹതയുണ്ടെങ്കിൽ പോലും പെൻഷൻ ലഭിക്കാത്ത സാഹചര്യം ഉണ്ടാവുന്നു.

| സാമൂഹ്യ സുരക്ഷാ പെൻഷൻ ഇനം | ആകെ അപേക്ഷ കളുടെ എണ്ണം | സമയ പരിധി ക്കുള്ളിൽ തീർപ്പാക്കിയ അപേക്ഷ കളുടെ ആകെ എണ്ണം | സമയ പരിധി കഴിഞ്ഞ് തീർപ്പാക്കിയ അപേക്ഷ കളുടെ എണ്ണം | നിരസിച്ച വയുടെ എണ്ണം |
|---|---|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 16 | 3 | 13 | 0 |
| വാർദ്ധക്യകാല പെൻഷൻ | 281 | 273 | 8 | 71 |
| ഡിസേബിൾഡ് പെൻഷൻ | 15 | 4 | 11 | 1 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിത സ്ത്രീകൾക്കുള്ള പെൻഷൻ | 6 | 1 | 5 | 0 |
| വിധവാ പെൻഷൻ | 44 | 28 | 16 | 8 |

അന്വേഷണ ഉദ്യോഗസ്ഥൻ അപേക്ഷകളിൽ അന്വേഷണം നടത്തി അപേക്ഷകൾ തിരിച്ചേൽപ്പിച്ചിട്ടും

ഇവയിൽ തീരുമാനമെടുക്കുന്നതിൽ കാലതാമസം വരുന്നതായി കാണുന്നു. കർഷകതൊഴിലാളി പെൻഷന് 45 ദിവസത്തിനകവും, മറ്റ് പെൻഷനുകൾക്ക് 40 ദിവസത്തിനകവും തീരുമാനമെടുക്കേണ്ടതായിട്ടുണ്ട്. പെൻഷൻ അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിൽ കാലതാമസം ഉണ്ടാവാനിടയായ സാഹചര്യം വ്യക്തമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ അന്വേഷണകുറിപ്പിന് ലഭിച്ച മറുപടിയിൽ കോവിഡ് നിയന്ത്രണങ്ങൾ, പഞ്ചായത്ത് തെരഞ്ഞെടുപ്പ് തുടങ്ങിയവ കാരണമാണ് പെൻഷൻ അപേക്ഷകൾ തീർപ്പാക്കാൻ കാലതാമസമുണ്ടായതെന്ന് അറിയിച്ചിട്ടുണ്ട്.

## 1-8 ക്യാഷ് പരിശോധന

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 01.07.2022 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 18,372/- രൂപയുടെ ക്യാഷ് നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

മേപ്പയ്യൂർ ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ മെച്ചപ്പെട്ട ആഭ്യന്തരനിയന്ത്രണ സംവിധാനം നിലനിർത്തുന്നതിൽ ഗ്രാമപഞ്ചായത്ത് ഒരു പരിധി വരെ വിജയിച്ചിട്ടുണ്ട്. എന്നിരുന്നാലും ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ടെന്ന് പരിശോധനകളിൽ നിന്ന് ബോധ്യപ്പെടുന്നു.

പ്രതിമാസം സ്റ്റാഫ് മീറ്റിങ്ങുകൾ വിളിച്ചു കൂട്ടി ഓഫീസ് പ്രവർത്തനം വിലയിരുത്തുന്ന കാര്യത്തിൽ സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. എല്ലാ പിരിവ് ജീവനക്കാരുടെയും കലക്ഷൻ രജിസ്റ്റർ പരിശോധിച്ച് പിരിച്ചെടുത്ത തുക കൃത്യമായി അടവാക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിൽ പലപ്പോഴും മേലുദ്യോഗസ്ഥർ ശ്രദ്ധ പതിപ്പിച്ചതായി കാണുന്നില്ല. ക്യാഷ്ബുക്ക്, ഡേബുക്ക്, ബാങ്ക് ബുക്ക് എന്നിവ അക്കൗണ്ടന്റ്, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. ബാങ്ക്-ട്രഷറി അക്കൗണ്ടുകളുടെ പ്രതിമാസ റീക്കൺസിലേഷൻ സ്റ്റേറ്റ്മെന്റുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഡേ ബുക്കിനോടൊപ്പം പ്രിന്റെടുത്ത് സൂക്ഷിക്കേണ്ട കാൻസൽഡ് റസീറ്റ് റിപ്പോർട്ടുകൾ എല്ലാ മാസവും പ്രിന്റെടുത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ബാങ്ക് ബുക്ക് നീക്കിയിരിപ്പുകൾ പാസ്സ് ബുക്കുകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചുപോരുന്നതിനാൽ നീക്കിയിരിപ്പു തുകയുടെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്. പ്രതിമാസ വരവുചെലവു കണക്കുകൾ തൊട്ടടുത്ത മാസം ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്.

വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് 2020-21 വർഷത്തിൽ തയ്യാറാക്കിയിട്ടില്ല. ട്രേഡേഴ്സ്

ലിസ്റ്റിന്റെ അഭാവത്തിൽ ലൈസൻസ് ഫീസ്, ട്രേഡേഴ്സിന്റെ തൊഴിൽ നികുതി എന്നിവയുടെ ഡിമാന്റിന്റെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല. വൗച്ചറുകളുടെ സൂക്ഷിപ്പ് വൗച്ചർ നമ്പർ അടിസ്ഥാനത്തിലാണെങ്കിലും അക്കൗണ്ട് ചട്ടങ്ങളിൽ നിർദ്ദേശിക്കുന്ന പ്രകാരം വൗച്ചറുകളുടെ ലിസ്റ്റ് ഓരോ മാസത്തെയും വൗച്ചറുകളുടെ ഫേസിംഗ് ഷീറ്റായി പ്രിന്റ് എടുത്ത് സൂക്ഷിച്ചിട്ടില്ല. ക്യാഷ് കൈകാര്യം ചെയ്യുന്ന വിഭാഗത്തിലേക്ക് മറ്റുള്ളവരുടെ പ്രവേശനം നിയന്ത്രിക്കുന്നതിനുള്ള സംവിധാനമുണ്ട്. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല.

1-10 ഐ.എൽ.ജി.എം.എസ് - യഥാസമയം ഔട്ട് ഡോർ പോസ്റ്റിംഗ് നടത്താതെ കൺട്രോൾ അക്കൗണ്ടിൽ തുക അവശേഷിക്കുന്നു

മാന്വൽ രശീതി മുഖേന പിരിച്ചെടുക്കുന്ന ഔട്ട് ഡോർ കളക്ഷൻ തുക ഐ എൽ ജി എം എസിൽ ലഭ്യമായ കൺട്രോൾ അക്കൗണ്ടിലാണ് ഒടുക്കേണ്ടത്. പിന്നീട് ഈ തുക പോസ്റ്റിങ്ങ് നടത്തി അതാത് ഹെഡുകളിലേക്ക് വരവായി അക്കൗണ്ട് ചെയ്യപ്പെടുന്നു. തുടർന്ന് ഇത് ഓരോ ഡിമാന്റിന് നേരെ പോസ്റ്റ് ചെയ്ത് (മാന്വൽ രശീതി നമ്പറിൽ തന്നെ) മാപ് ചെയ്യുകയും അതനുസരിച്ച് കൺട്രോൾ അക്കൗണ്ട് കുറഞ്ഞ് വന്ന് ശൂന്യമാകുകയും ചെയ്യുന്നു. എന്നാൽ ILGMSൽ മേപ്പയ്യൂർ ഗ്രാമപഞ്ചായത്തിന്റെ ഔട്ട് ഡോർ കലക്ഷൻ കൺട്രോൾ അക്കൗണ്ടിന്റെ നിലവിലെ നീക്കിയിരിപ്പായി രേഖപ്പെടുത്തിയിരിക്കുന്നത് 43,566 രൂപയാണ്. 01.04.2020 മുതൽ 07.07.2022 വരെയുള്ള ഔട്ട് ഡോർ കലക്ഷൻ കൺട്രോൾ അക്കൗണ്ടിന്റെ ലെഡ്ജർ റിപ്പോർട്ട് പ്രിന്റൗട്ട് പരിശോധിച്ചത് പ്രകാരം ഔട്ട് ഡോർ കലക്ഷൻ ഇനത്തിൽ ബന്ധപ്പെട്ട ഹെഡുകളിലേക്ക് മാറ്റാതെ അവശേഷിക്കുന്ന തുകകളുടെ വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം | തീയതി | റസീത് നമ്പർ | തുക |
|---|---|---|---|
| 1 | 03.01.2022 | 1210103985 | 8466 |
| 2 | 13.01.2022 | 1210104273 | 1257 |
| 3 | 17.01.2022 | 1210104451 | 250 |
| 4 | 19.01.2022 | 1210104476 | 5513 |
| 5 | 25.01.2022 | 1210104612 | 4097 |

| | | | |
|---|---|---|---|
| 7 | 21.02.2022 | 1210105448 | 5185 |
| 8 | 24.02.2022 | 1210105633 | 5379 |
| 9 | 28.02.2022 | 1210105833 | 2913 |
| 10 | 28.02.2022 | 1210105860 | 563 |
| 11 | 28.02.2022 | 1210105861 | 3461 |
| 12 | 08.03.2022 | 1210106127 | 3280 |
| 13 | 09.03.2022 | 1210106211 | 868 |
| 14 | 12.03.2022 | 1210106545 | 1362 |
| 15 | 14.03.2022 | 1210106598 | 460 |
| 16 | 14.03.2022 | 1210106622 | 68 |
| 17 | 03.01.2022 | 1210106825 | 444 |
| ആകെ | | | 43,566 |

43,566 രൂപ ഔട്ട് ഡോർ കലക്ഷൻ കൺട്രോൾ അക്കൗണ്ടിൽ അവശേഷിക്കുന്നതിനുള്ള കാരണം വ്യക്തമാക്കേണ്ടതും, പോസ്റ്റ് ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കേണ്ടതുമാണ്.

1-11 വസ്തു നികുതി കണക്കാക്കിയതിലെ അപാകതകൾ

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം '3 ൽ 4 പ്രകാരം തക്കതായ കാരണങ്ങളാൽ ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പർ നൽകിയിട്ടുണ്ടെങ്കിൽ ഓരോഭാഗത്തെയും വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി അവയ്ക്ക് ഓരോന്നിനും വസ്തു നികുതി ചുമത്തേണ്ടതാണ് എന്ന് പറയുന്നു. ചട്ടം '3ൽ 5ൽ ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരേ സമയം 4ാം ചട്ടം (1)ാം ഉപ ചട്ടത്തിൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നവെങ്കിൽ അതത് കെട്ടിട ഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി അവയ്ക്ക് കെട്ടിട നമ്പർ നൽകേണ്ടതും ഓരോ കെട്ടിട ഭാഗത്തിനും ഈ

ചട്ടങ്ങൾ പ്രകാരം വസ്തു നികുതി ചുമത്തേണ്ടതുമാണ് എന്നും പറയുന്നു. ചട്ടം 4ൽ 1ൽ ഉപയോഗ ക്രമത്തിനനുസരിച്ച് അടിസ്ഥാന വസ്തു നികുതി നിരക്ക് നിശ്ചയിക്കേണ്ടത് വിശദമാക്കുന്നുണ്ട്. ഇത് പ്രകാരം വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടം എന്ന ഗണത്തിൽപ്പെടുത്തിയാണ് ചുവടെ പട്ടികയിൽ പരാമർശിച്ച കെട്ടിടങ്ങൾക്ക് നികുതി നിരക്ക് കണക്കാക്കേണ്ടത്. കെട്ടിടത്തിന്റെ ഉപയോഗക്രമമനുസരിച്ച് കെട്ടിടത്തെ മുഴുവനായി കണക്കാക്കിയാണ് നികുതി നിരക്ക് കണക്കാക്കേണ്ടത്.

എന്നാൽ പഞ്ചായത്തിൽ 100ച.മീറ്ററിൽ കൂടുതലുള്ള വാണിജ്യ കെട്ടിടങ്ങളുടെ വസ്തു നികുതി കണക്കാക്കുമ്പോൾ, കെട്ടിട ഉടമയുടെ ആവശ്യപ്രകാരം കെട്ടിടത്തെ 100 ച.മീറ്ററിൽ കുറവുള്ള ചെറിയ മുറികളായി കെട്ടിട നമ്പർ നൽകുകയും 100ച.മീറ്ററിൽ കുറവുള്ള കെട്ടിടത്തിന്റെ കുറഞ്ഞ നികുതി നിരക്ക് നൽകിയുമാണ് നികുതി കണക്കാക്കിവരുന്നത്. ഇത് ചട്ടം 4(1)ന് വിരുദ്ധമാണ്. യഥാർത്ഥത്തിൽ 100ച.മീറ്ററിൽ കൂടുതലുള്ള കെട്ടിടത്തിന് കെട്ടിട ഉടമ ആവശ്യപ്പെടുന്ന പ്രകാരം 100ച.മീറ്ററിൽ കുറവുള്ള ചെറിയ മുറികളായി നമ്പർ നൽകിയാലും ഉപയോഗ ക്രമമനുസരിച്ച് മാത്രം ചട്ടം 4(1) പ്രകാരം 100ച.മീറ്ററിൽ കൂടുതലുള്ള കെട്ടിടത്തിന് ബാധകമായ കൂടിയ നികുതി നിരക്ക് നൽകേണ്ടതാണ്. ഇപ്രകാരം ചെയ്യാത്തത് മൂലം വലിയ കെട്ടിടങ്ങളിൽ നിന്നും വസ്തു നികുതിയിനത്തിൽ ഭീമമായ നഷ്ടം ഓരോ വർഷവും പഞ്ചായത്തിനുണ്ടാവുന്നു. മേൽ പരാമർശിച്ച അപാകതയുള്ളതും 2020-21 -ൽ വസ്തു നികുതി കണക്കാക്കിയതുമായ ചുവടെ കൊടുത്ത കെട്ടിടങ്ങളിൽ നിന്നുമാത്രം വർഷം Rs:31553/- രൂപ നികുതിയിനത്തിൽ നഷ്ടമുണ്ടായതായി കാണുന്നു. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | കെട്ടിട നമ്പർ, ഉടമ | കെട്ടിടത്തിന്റെ അടിസ്ഥാന വിവരങ്ങൾ | വസ്തു നികുതി കണക്കാക്കിയത് | വസ്തു നികുതി യഥാർത്ഥത്തിൽ കണക്കാക്കേണ്ടത് | വസ്തു നികുതി കണക്കാക്കിയതു മൂലം പഞ്ചായത്തിനുണ്ടായ നികുതിയിനത്തിലെ നഷ്ടം |
|---|---|---|---|---|---|
| 1 | 12/354-A1, B, | ആകെ | അടിസ്ഥാന | അടിസ്ഥാന | 3410+ |

| | | | | | |
|---|---|---|---|---|---|
| | C, D, E,<br>ഷീബ,<br>പ്രഭാസം (H) | വിസ്തീർണ്ണം-94.74m2,<br>മേഖല-പ്രാഥമികം,<br>വർദ്ധനവ്-വഴി (20%),<br>ഇളവ് -ഇല്ല | വസ്തു നികുതി നിരക്ക്-ചതു.മീറ്ററിന് 30/-രൂപ,<br>അടി.വസ്തു. നികുതി=2843,<br>വർദ്ധന= 569<br>ആകെ = 3412/-<br>LC= 171/- | വസ്തു നികുതി നിരക്ക്-ചതു.മീറ്ററിന് 60/-രൂപ,<br>അടി.വസ്തു. നികുതി=5658,<br>വർദ്ധന= 1137<br>ആകെ =6822<br>LC=341/- | 170 (LC) |
| 2 | 12/354-F, G, H, J<br>ഷീബ,<br>പ്രഭാസം (H) | ആകെ വിസ്തീർണ്ണം-96.96m2,<br>മേഖല-പ്രാഥമികം,<br>ഇളവ്= 5%(Ist Floor)<br>വർദ്ധനവ്-വഴി (20%),<br>ഇളവ് -ഇല്ല | അടിസ്ഥാന വസ്തു നികുതി നിരക്ക്-ചതു.മീറ്ററിന് 30/-രൂപ,<br>അടി.വസ്തു. നികുതി=2909,<br>വർദ്ധന= 582<br>ആകെ=3491/-<br>LC=175 /- | അടിസ്ഥാന വസ്തു നികുതി നിരക്ക്-ചതു.മീറ്ററിന് 60/-രൂപ,<br>അടി.വസ്തു. നികുതി=5818,<br>ഇളവ്=291<br>വർദ്ധന= 1164<br>ആകെ = 6691/-<br>LC=335/- | 3200+<br>160(LC) |
| 3 | 4/47-A,B,C<br>നസീർ. കെ.പി,<br>പിലാത്തോട്ടത്തിൽ | ആകെ വിസ്തീർണ്ണം-73.92m2,<br>മേഖല-പ്രാഥമികം,<br>വർദ്ധനവ്-വഴി (20%),<br>ഇളവ് -ഇല്ല | അടിസ്ഥാന വസ്തു നികുതി നിരക്ക്-ചതു.മീറ്ററിന് 30/-രൂപ,<br>അടി.വസ്തു. നികുതി=2218,<br>വർദ്ധന= 444<br>ആകെ = | അടിസ്ഥാന വസ്തു നികുതി നിരക്ക്-ചതു.മീറ്ററിന് 60/-രൂപ,<br>അടി.വസ്തു. നികുതി=4436,<br>വർദ്ധന= 888<br>ആകെ = | 2662+<br>133(LC) |

| | | | | | |
|---|---|---|---|---|---|
| | | | 2662/-<br>LC= 134/- | 5324/-<br>LC=267/- | |
| 4 | 4/47-D, E, F<br>നസീർ. കെ.പി, പിലാത്തോട്ടത്തിൽ | ആകെ വിസ്തീർണ്ണം-91.56m2,<br>മേഖല-പ്രാഥമികം,<br>ഇളവ്= 5%(Ist Floor)<br>വർദ്ധനവ്-വഴി (20%),<br>ഇളവ് -ഇല്ല | അടിസ്ഥാന വസ്തു നികുതി നിരക്ക്-ചതു.മീറ്ററിന് 30/-രൂപ,<br>അടി.വസ്തു. നികുതി=2747,<br>ഇളവ്=137<br>വർദ്ധന= 550<br>ആകെ =3160<br>LC=158/- | അടിസ്ഥാന വസ്തു നികുതി നിരക്ക്-ചതു.മീറ്ററിന് 60/-രൂപ,<br>അടി.വസ്തു. നികുതി=5494,<br>ഇളവ്=275<br>വർദ്ധന= 1099<br>ആകെ=6318/-<br>LC=316/- | 3158+<br>158(LC) |
| 5 | 8/51-A, B, C, D, E, F<br>സുരേഷ്, മാങ്ങാട്ടുമ്മൽ, മേപ്പയ്യൂർ | ആകെ വിസ്തീർണ്ണം-171.79m2,<br>മേഖല-പ്രാഥമികം,<br>വർദ്ധനവ്-വഴി (20%),<br>ഇളവ് -ഇല്ല | അടിസ്ഥാന വസ്തു നികുതി നിരക്ക്-ചതു.മീറ്ററിന് 30/-രൂപ,<br>അടി.വസ്തു. നികുതി=5154,<br>വർദ്ധന= 1031<br>ആകെ=6185<br>LC=310/- | അടിസ്ഥാന വസ്തു നികുതി നിരക്ക്-ചതു.മീറ്ററിന് 60/-രൂപ,<br>അടി.വസ്തു. നികുതി=10308,<br>വർദ്ധന=2062<br>ആകെ=12370/-<br>LC=619/- | 6185+<br>309(LC) |
| 6 | 14/147, 148, 149, 150, 151 | ആകെ വിസ്തീർണ്ണം-228.57m2,<br>മേഖല-പ്രാഥമികം,<br>വർദ്ധനവ്-വഴി (20%),<br>ഇളവ് -ഇല്ല | അടിസ്ഥാന വസ്തു നികുതി നിരക്ക്-ചതു.മീറ്ററിന് 30/-രൂപ,<br>അടി.വസ്തു. നികുതി=6858,<br>വർദ്ധന= 1372 | അടിസ്ഥാന വസ്തു നികുതി നിരക്ക്-ചതു.മീറ്ററിന് 60/-രൂപ,<br>അടി.വസ്തു. നികുതി=13715,<br>വർദ്ധന=2743 | 8228+<br>411(LC) |

| | | | | | |
|---|---|---|---|---|---|
| | | | ആകെ=8230<br>LC=412/- | ആകെ=16458/-<br>LC=823/- | |
| 7 | 15/458-A, B, C, D, E, F അഷറഫ് & മുഹമ്മദ്, മണാട്ടുമീത്തൽ | ആകെ വിസ്തീർണ്ണം-130.83m2, മേഖല-പ്രാഥമികം, വർദ്ധനവ്-വഴി (20%), ഇളവ് -ഇല്ല | അടിസ്ഥാന വസ്തു നികുതി നിരക്ക്-ചതു.മീറ്ററിന് 30/-രൂപ, അടി.വസ്തു. നികുതി=3925, വർദ്ധന=785 ആകെ=4710/-<br>LC=236/- | അടിസ്ഥാന വസ്തു നികുതി നിരക്ക്-ചതു.മീറ്ററിന് 60/-രൂപ, അടി.വസ്തു. നികുതി=7850, വർദ്ധന=1570 ആകെ=9420/-<br>LC=471/- | 4710+ 235(LC) |
| | | | | ആകെ നഷ്ടം (2020-21ൽ) | 31553+ 1576(LC) |

മേൽ പട്ടികയിൽ പരാമർശിച്ച കെട്ടിടങ്ങളുടെ വസ്തു നികുതി ഖണ്ഡികയിൽ പരാമർശിച്ച പ്രകാരം പരിഷ്കരിക്കേണ്ടതും നാളിതുവരെയുള്ള നഷ്ടം കെട്ടിട ഉടമകളിൽ നിന്നും ഈടാക്കേണ്ടതുമാണ്. കൂടാതെ 2020-21 സാമ്പത്തിക വർഷത്തിന് മുൻപ് വസ്തു നികുതി കണക്കാക്കി ഈടാക്കി വരുന്ന 100ച.മീറ്ററിൽ കൂടുതലുള്ള കെട്ടിടങ്ങളെ മുഴുവൻ കണ്ടെത്തി നികുതി പരിഷ്കരിക്കേണ്ടതും ആയതിന്റെ വിശദവിവരം വർഷം തിരിച്ച് ഓഡിറ്റിന് ലഭ്യമാക്കേണ്ടതും അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

1-12 തറ വിസ്തീർണ്ണഘടനാ പരമായും മാറ്റം വന്ന കെട്ടിടങ്ങളുടെ നികുതി പരിഷ്കരണത്തിലെ അപാകത

കേരള പഞ്ചായത്ത് വസ്തു നികുതി ചട്ടം, ചട്ടം '9 ൽ (4ഡി) പ്രകാരം ഏറ്റവും ഒടുവിൽ നടത്തിയ വാർഷിക വസ്തു നികുതി നിർണ്ണയത്തിനോ, പുനർ നിർണ്ണയത്തിനോ ശേഷം പ്രസ്തുത കെട്ടിടത്തിന് എന്തെങ്കിലും കൂട്ടിച്ചേർക്കലോ, ഘടനാപരമായ മെച്ചപ്പെടുത്തലുകളോ, ഉപയോഗ ക്രമത്തിൽ എന്തെങ്കിലും മാറ്റമോ വരുത്തിയിട്ടുണ്ടങ്കിൽ നികുതി ഇളവ് പരിധികൾ ബാധകമാകുന്നതല്ല എന്ന് പറയുന്നു. എന്നാൽ പഞ്ചായത്തിലെ ചുവടെ കൊടുത്ത വാണിജ്യ കെട്ടിടങ്ങൾക്ക് ഘടനാപരമായും തറ വിസ്തീർണ്ണത്തിലും മാറ്റം സംഭവിച്ചിട്ടുണ്ട്. മേൽ ചട്ട പ്രകാരം ഇത്തരം കെട്ടിടങ്ങളെ പുതിയ കെട്ടിടമായി കണക്കാക്കി വസ്തു നികുതി പരിഷ്കരിക്കേണ്ടതായിരുന്നു. എന്നാൽ ഇവിടെ വസ്തു നികുതി പരിഷ്കരിച്ചപ്പോൾ ഈ കെട്ടിടത്തിന്റെ എക്സിസ്റ്റിങ് ഏരിയയ്ക്ക് നിലവിൽ ഈടാക്കിക്കൊണ്ടിരിക്കുന്ന നികുതിയും പുതുതായി കെട്ടിടത്തോട് കൂട്ടിച്ചേർത്ത് നിർമ്മിച്ച ഏരിയയ്ക്ക് മാത്രം പുതിയ നിരക്കിലുള്ള നികുതിയുമാണ് ഈടാക്കിയിരിക്കുന്നത്.

| ക്രമ നം | കെട്ടിട നമ്പർ | കെട്ടിടത്തിൽ കൂട്ടിച്ചേർക്കൽ വരുത്തുന്നതിന് മുൻപുള്ള പഴയ ഏരിയ | കെട്ടിടത്തിൽ കൂട്ടിച്ചേർക്കൽ വരുത്തിയതിന് ശേഷമുള്ള പുതിയ ഏരിയ |
|---|---|---|---|
| 1 | 12/354 A1,12/354B, 12/354C, 12/ 35 4D, 12/354E | 68.4 | 94.74 |
| 2 | 14/147, 14/148, | 138.44 | 228.57 |

| | | | |
|---|---|---|---|
| | 14/149,<br>14/150, 14/151 | | |

മേൽ കെട്ടിടങ്ങളുടെ വസ്തു നികുതി പരിഷ്കരിക്കേണ്ടതും നികുതി ഇനത്തിൽ കുറവുള്ള തുക ഈടാക്കേണ്ടതുമാണ്. കൂടാതെ മുൻ വർഷങ്ങളിലോ 2021-21 വർഷത്തിലോ ഇപ്രകാരം നികുതി കണക്കാക്കിയ കെട്ടിടങ്ങളുണ്ടെങ്കിൽ അവ കണ്ടെത്തി നികുതി പരിഷ്കരിച്ച് നികുതിയിനത്തിൽ കുറവ് വന്ന തുക ഈടാക്കി നികുതി പരിഷ്കരിച്ച കെട്ടിടങ്ങളുടെ എല്ലാം വിശദ വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ് .

## 1-13 ലോഡ്ജിങ് ആവശ്യത്തിനുള്ള കെട്ടടങ്ങൾ അപ്പാർട്ട്മെന്റായി നമ്പർ വാങ്ങുന്നു

പഞ്ചായത്തിൽ ഒരു മുറിയും ഒരു ടോയിലറ്റും മാത്രമുള്ള 14/151 A,14/151 B,14/151 C,14/151 D,14/151 E,14/151 F എന്നീ കെട്ടിടങ്ങൾക്ക് താമസാവശ്യത്തിനുള്ള ക്വാട്ടേഴ്സ് ഗണത്തിലാണ് 2020-21 മുതൽ കെട്ടിട നമ്പർ നൽകി നികുതി ഈടാക്കി വരുന്നത്. ഒരാളുടെ ഉടമസ്ഥതയിൽ തന്നെയുള്ളതും വ്യത്യസ്ഥ കെട്ടിട നമ്പർ നൽകിയതും ആയ ഈ മുറികൾ സ്ഥിര താമസ ഉപയോഗത്തിനുള്ളതായി കണക്കാക്കാൻ കഴിയുകയില്ല. കൂടാതെ കംപ്ലീഷൻ പ്ലാൻ പ്രകാരം ഒരു മുറിയിലും കിച്ചൺ ഇല്ല. ഇതിനാൽ ഇത്തരം കെട്ടിടം താൽക്കാലിക താമസാവശ്യത്തിനുള്ള ലോഡ്ജ് ആയി പ്രവർത്തിച്ച വരാനുള്ള സാധ്യതയാണ് നിലനിൽക്കുന്നത്. കെട്ടിട ഉടമ ആവശ്യപ്പെട്ടതു പ്രകാരം കെട്ടിടത്തിന് ക്വോട്ടേഴ്സ് ഗണത്തിൽ നികുതി നിശ്ചയിച്ചാലും ഒക്യുപൻസി അനുവദിച്ച് 2 വർഷത്തിന് ശേഷം കെട്ടിടങ്ങളുടെ പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തണമെന്ന് 2019 ലെ കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 21 പ്രകാരം നിഷ്കർഷിക്കുന്നുണ്ട്. മേൽ നടപടിയിലൂടെ ഒക്യുപൻസി അനുവദിച്ചതിന് ശേഷം കെട്ടിടത്തിന്റെ ഘടന, വിനിയോഗ ഗണം എന്നിവ ഉൾപ്പെടെയുള്ള ഘടകങ്ങളിൽ മാറ്റം വരുത്തിയ കെട്ടിടങ്ങളെ കണ്ടെത്തി തുടർ നടപടി കൈക്കൊള്ളേണ്ടതാണ്. ഇപ്രകാരം പരിശോധന നടത്തി മേൽ തരം കെട്ടിടങ്ങളുടെ നികുതി പരിഷ്കരിക്കേണ്ടതും വിശദ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-14 വയോജനങ്ങൾക്ക് കട്ടിൽ വിതരണം - അധിക തുക നൽകി

| | |
|---|---|
| പ്രോജക്ട് നം. | 87/20-21 |
| പ്രോജക്ടിന്റെ പേര് | വയോജനങ്ങൾക്ക് കട്ടിൽ |
| നിർവഹണ ഉദ്യാഗസ്ഥൻ | അസി. സെക്രട്ടറി |
| വകയിരുത്തിയ തുക | 340000/- (എസ്.സി.പി)<br>3650/- (തനത് ഫണ്ട്) |

| | |
|---|---|
| ചെലവഴിച്ചതുക, ബിൽ നമ്പർ | 323680/-<br>(5/20-21, തീ-27.02.2021) |

പട്ടികജാതി വിഭാഗത്തിൽപ്പെട്ട അറുപതു വയസ്സ കഴിഞ്ഞ വയോജനങ്ങൾക്ക് കട്ടിൽ വിതരണം ചെയ്യുന്നതിനായി അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ മേൽ പ്രോജക്റ്റ് പ്രകാരം കേരള ആർട്ടിസാൻസ് ഡവലപ്പ്മെന്റ് കോർപ്പറേഷനിൽ നിന്നും 29.01.2021ലെനമ്പർ ഇൻവോയ്സ് NRO/Sales/517 അനുസരിച്ച് 68 കട്ടിലുകൾ 323680/- രൂപക്ക് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ആയതുപ്രകാരം ഒരു കട്ടിലിന് 4760 രൂപയാണ് ചെലവഴിച്ചത്.

14.02.18ലെ സ.ഉ.(കൈ)നം.22/2018 ത.സ്വ.ഭ.വ ഉത്തരവ് 7.1.13(2) ഖണ്ഡിക പ്രകാരം അറുപതു വയസ്സ കഴിഞ്ഞ വയോജനങ്ങൾക്ക് യൂണിറ്റ് ചെലവ് പരമാവധി 4350/- രൂപയിൽ അധികരിക്കാതെ നൽകാവുന്ന കട്ടിലിന്റെ സ്പെസിഫിക്കേഷൻ 1.98 മീറ്റർ നീളവും 90 സെന്റീമീറ്റർ വീതിയും മുൻകാലിന് 60 സെന്റീമീറ്റർ പിൻകാലിന് 50 സെന്റീമീറ്ററും കട്ടിലിൽ 8മില്ലീമീറ്റർ കനവുമുള്ള പ്ലൈവുഡ് ഉറപ്പിച്ചതുമായ മരത്തടിയിലോ സ്ററീലിലോ പണിത കട്ടിലുകളാണ് നൽകാവുന്നത്. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥൻ വിതരണം ചെയ്തിരിക്കുന്ന കട്ടിലുകൾ 180X90X45 Cm ഹെഡ്സൈഡ് 60 Cm ലഗ്സൈഡ് 50 Cm 4mm ബാംബൂപ്ലൈ ഓൺടോപ്പ് എന്ന സ്പെസിഫിക്കേഷൻ പ്രകാരമുള്ള കട്ടിലുകളാണ്. കൂടാതെ സബ്സിഡി മാർഗ്ഗരേഖക്കു വിരുദ്ധമായി ഒരു യൂണിറ്റിന് അനുവദിയ്ക്കാവുന്ന പരമാവധി സബ്സിഡിയിൽ കൂടുതൽ തുക ചെലവഴിച്ചാണ് കട്ടിലുകൾ വാങ്ങിയിട്ടുള്ളത്. വിശദാംശം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| 68 കട്ടിലുകൾക്കായി ചെലവഴിച്ച ആകെ തുക | 3,23,680 |
| സബ്സിഡി മാർഗ്ഗരേഖ പ്രകാരം<br>ചെലവഴിക്കാവുന്ന<br>പരമാവധി തുക (68x4350) | 2,95,800 |
| അധികം ചെലവഴിച്ചതുക | 27,880 |

സബ്സിഡി മാർഗ്ഗരേഖക്കു വിരുദ്ധമായ സ്പെസിഫിക്കേഷനും വിലയുമുള്ള കട്ടിലുകൾ വാങ്ങിനൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-1 /2020-21, തീ-01.07.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

സബ്സിഡി മാർഗ്ഗരേഖ പ്രകാരം വയോജനങ്ങൾക്കുള്ള കട്ടിലിന് പരമാവധി നൽകാവുന്ന സബ്സിഡി 4350/- രൂപയാണ്. ആയതിൽ അധികരിച്ചുള്ള ചെലവ് അംഗീകരിക്കാൻ നിർവ്വാഹമില്ല. അധികം നൽകിയ 27880/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 1-15 സുഫലം -വിഷരഹിതഫലം പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രോജക്ട് നം-116/20-21

അടങ്കൽ -1042340( വികസനഫണ്ട്-757420. ബ്ലോക്ക് വിഹിതം-33000, ഗുണഭോക്തവിഹിതം-251920)

ചെലവ് -790420 (വികസനഫണ്ട്-757420. ബ്ലോക്ക് വിഹിതം-33000).

നിർവ്വഹണം – കൃഷിഓഫീസർ

മേപ്പയ്യൂർ ഗ്രമപഞ്ചായത്തിലെ കർഷകർക്ക് ആവശ്യമായ വിഷരഹിതവും, പോഷക സമ്പുഷ്ടവുമായ ഫലങ്ങൾ വീട്ടുവളപ്പിൽ ലഭ്യമാക്കുന്നതിനായി ഒട്ടുമാവ്, ഒട്ട് പ്ലാവ് സപ്പോട്ട ഗ്രാഫ്‌റ്റ് എന്നിവയും കൂടാതെ പേര, ചാമ്പ, പ്ലാവ്, മാവ്, പുളി, കുടംപുളി, കറിവേപ്പ്, റംബൂട്ടാൻ, ഫാഷൻ ഫ്രൂട്ട് തുടങ്ങിയ ലഭ്യമായ എല്ലാ തൈകളും വിതരണം ചെയ്യാനാണ് പദ്ധതി കൊണ്ട് ഉദ്ദേശിച്ചത്. ഒരു യൂണിറ്റ് തൈക്ക് 320 രൂപ വിലകണക്കാക്കി 3854 കിറ്റുകൾ പഞ്ചായത്തിലെ 17 വാർഡിലെയും ഗുണഭോക്താക്കൾക്ക് നൽകുന്നതോടൊപ്പം ഒരു കോടി ഫലവൃക്ഷതൈകൾ പദ്ധതിയിൽ ഉൾപ്പെടുത്തി VFPCK, കുടുംബശ്രീ മുഖേന വിതരണത്തിന് വന്ന തൈകളുടെ വിലയും ഈ ഫണ്ടിൽ നിന്നും മാറി നൽകുന്നു. ഒട്ട്, മുകുളനം, പതിവെക്കൽ മുഖേന ഉണ്ടാക്കി ലഭ്യമാകുന്ന തൈകൾക്ക് ഗുണഭോക്തൃ വിഹിതമായി 25% തുക കർഷകർ പദ്ധതിക്കായി അടക്കേ ണ്ടതാണ്. തൈകളുടെ വിലയ്ക്കും ലഭ്യതക്കുമനുസരിച്ച് കിറ്റുകളുടെയും തൈകളുടെയും ഗുണഭോക്താക്കളുടെയും എണ്ണത്തിൽ മാറ്റമുണ്ടാകുന്നതാണ് മേൽ പ്രവർത്തനങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്.

പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി VFPCK KRISHI BUSINESS KENDRA (ERNAKULAM) യിൽ നിന്നും 10-11-20 തീയ്യതിയിലെ ഇൻവോയ്സ് നം-KBK/EKM/PR/20-21/36 പ്രകാരം 1007680/- രൂപ വിലയുള്ള താഴെ പറയുന്ന നടീൽ വസ്തുക്കളുടെ വിലയായി 755760/ രൂപ (ബിൽ നം-136/1-12-20) നിർവ്വഹണ ഉദ്യോഗസ്ഥ VFPCK ക്ക് കൈമാറിയിട്ടുണ്ട്.

| ഇനം | എണ്ണം | വില | ആകെ തുക |
|---|---|---|---|
| പ്ലാവ് J33/വിയറ്റ്നാം ഏർലി (ബഡ്, ഗ്രാഫ്റ്റ്) | 3149 | 150 | 472350 |
| സപ്പോട്ട ഗ്രാഫ്റ്റ് | 3149 | 70 | 220430 |
| മാംഗോ ഗ്രാഫ്റ്റ് | 3149 | 100 | 314900 |
| | | | 1007680 |

ഇവ കൂടാതെ VFPCK -KOZHIKODE ന്റെ 30-6-20 തീയതിയിലെ ഇൻവോയ്സ് നം-VFPCK/KKD/027 പ്രകാരം 22280/- രൂപ വിലയുള്ള നടീൽ വസ്തുക്കളുടെയും (വിശദാംശങ്ങൾ താഴെ ചേർക്കുന്നു)

| ഇനം | എണ്ണം | വില | ആകെ തുക |
|---|---|---|---|
| വാഴകന്ന് (ഞാലിപൂവൻ) | 1080 | 15 | 16200 |
| വാളൻ പുളി തൈകൾ | 154 | 20 | 3080 |
| പേര തൈകൾ | 50 | 10 | 500 |
| പ്ലാവ് തൈകൾ | 50 | 10 | 500 |
| റംബൂട്ടാൻ തൈകൾ | 50 | 40 | 2000 |
| | | | 22280 |

18-8-20 തീയതിയിലെ ഇൻവോയ്സ് നം-VFPCK/KKD/174 - പ്രകാരം 12380 രൂപ വിലയുള്ള നടീൽ വസ്തുക്കളുടെയും (വിശദാംശങ്ങൾ താഴെ ചേർക്കുന്നു) വില നൽകിയിട്ടുണ്ട്

| ഇനം | എണ്ണം | വില | ആകെ തുക |
|---|---|---|---|
| റംബൂട്ടാൻ തൈ | 170 | 40 | 6800 |
| മാംഗോസ്റ്റിൻ തൈ | 78 | 60 | 4680 |
| പേര തൈ | 90 | 10 | 900 |
| | | | 12380 |

മേൽ രണ്ട് ബിൽ തുകളിൽ 1660 രൂപ ബിൽ നം-200/19-02-21 പ്രകാരം വും 33000രൂപ ബിൽ നം-271/26-3-21 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥ VFPCK യ്ക്ക് നൽകിയിട്ടുണ്ട്.

പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1-VFPCK ബിൽ പ്രകാരമുള്ള നടീൽ വസ്തുക്കളുടെ ഗുണനിലവാരവും എണ്ണവും പരിശോധിച്ച് ബോധ്യപ്പെട്ട് നിർവ്വഹണ ഉദ്യോഗസ്ഥ സ്റ്റോക്കിലെടുത്തല്ല ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തത്.

2-പദ്ധതിക്കായി ഗുണഭോക്താക്കളിൽ നിന്നും ശേഖരിച്ച ഗുണഭോക്തൃ വിഹിതമായ 251920 രൂപ

ചെലവഴി ച്ചിട്ടില്ല.

3- ഗുണഭോക്തക്കൾ ഗുണഭോക്തൃ വിഹിതം നേരിട്ട് കൃഷിഭവനിൽ അടവാക്കുന്നതിന് പകരം 17വാർഡ് കൺവീനർമാരാണ് കർഷകരിൽ നിന്നും ഗുണഭോക്തൃവിഹിതം ഈടാക്കി കൃഷിഭവനിൽ അടവാക്കിയിരിക്കുന്നത്.

3149 ഗുണഭോക്താക്കൾക്ക് 3 വീതം നടീൽ വസ്തുക്കൾ വിതരണം ചെയ്തതിന്റെ കൈപ്പറ്റ് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടുണ്ടെങ്കിലും അവശേഷിക്കുന്ന നടീൽ വസ്തുക്കളുടെ വിതരണം നടത്തിയത് എങ്ങിനെയെന്ന് വ്യക്തമല്ല. നടീൽ വസ്തുക്കൾ സ്റ്റോക്കിലെടുക്കാത്തതിനാലും, പദ്ധതിക്കായി ഗുണഭോക്താക്കളിൽ നിന്നും ഈടാക്കിയ 251920 രൂപ നാളിതുവരെയായും വി.എഫ്.പി.സി.കെ യ്ക്ക് അടവാക്കുകയോ വി.എഫ്.പി.സി. കെ തുക ആവശ്യപ്പെടുകയോ ചെയ്യാത്തതിനാലും മേൽ മൂല്യമുള്ള നടീൽ വസ്തുക്കൾ വി.എഫ് .പി.സി.കെ യഥാർത്ഥത്തിൽ വിതരണം ചെയ്തിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്താൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല. ആയതിന് വിശദീകരണം നൽകേണ്ടതാണ് .ചെലവ് തുക 790420/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-16 പയർകൃഷി വികസനം അനർഹമായി സബ്സിഡി അനുവദിച്ചു.

പ്രോജക്ട് നം-205/20-21

അടങ്കൽ -36100

ചെലവ്-36100(ബിൽ നം-247/18-3-21)

നിർവ്വഹണം -കൃഷി ഓഫീസർ

ഗ്രാമപഞ്ചായത്തിൽ 2 ഹെക്ടർ സ്ഥലത്ത് പയർവർഗ്ഗ വിളകളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ലക്ഷ്യമിട്ട പദ്ധതിയിൽ വിവിധ പയർ വർഗ്ഗവിളകൾ കൃഷി ചെയ്തതിന്റെ വിസ്തൃതി കണക്കാക്കി ഹെക്ടറിന് 20000/- രൂപ നിരക്കിൽ ആനുകൂല്യം ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകുന്നതിനായാണ് പദ്ധതി തയ്യാറാക്കിയത്. പദ്ധതി നിർവ്വഹണം പരിശോധിച്ചതിൽ ഓഡിറ്റ് വർഷം താഴെ പറയും പ്രകാരം മൂന്ന് ഗുണഭോക്താക്കൾക്കാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ ധനസഹായം അനുവദിച്ചിട്ടുള്ളത്.

| ഗുണഭോക്താവിന്റെ പേര് | അനുവദിച്ച തുക |
|---|---|
| അബ്ദുള്ള കുത്തപ്പൻകണ്ടി | 2000 |

| | |
|---|---|
| വിനീത മഠത്തിൽമീത്തൽ | 12000 |
| വിഷ്ണു.കെ.എം | 22000 |
| ആകെ | 36100 |

പയർ വർഗ്ഗകൃഷി വികസനപദ്ധതിക്കായി മേൽ കർഷകർ സമർപ്പിച്ച അപേക്ഷകളിൽ അന്വഷണ ഉദ്യോഗസ്ഥൻ പരിശോധന നടത്തി ശുപാർശ ചെയ്തിരിക്കുന്നത് ശ്രീ അബ്ദുള്ള കുത്തപ്പൻകണ്ടിക്ക് 25 സെന്റിന് 2000രൂപയും,ശ്രീമതി വിനീത മഠത്തിൽമീത്തലിന് 1.105 ഹെക്ടർ സ്ഥലത്തിന് 22100/-രൂപയും, ശ്രീ വിഷ്ണു.കെ.എം ന് 150 സെന്റിന് 12000/- രൂപയുമാണ്. പദ്ധതിക്കായുള്ള അപേക്ഷയിൽ ശ്രീമതി വിനീത 150 സെന്റ് സ്ഥലത്തും ,ശ്രീ വിഷ്ണു.കെ.എം 75 സെന്റ് സ്ഥലത്തുമാണ് കൃഷി ചെയ്തതായി രേഖപ്പെടുത്തിയിട്ടുള്ളതും പാട്ടരേഖകൾ സമർപ്പിച്ചിട്ടുള്ളതും എന്നുകാണുന്നു. മേൽ വസ്തുതകൾ പരിശോധിച്ചതിൽ കൃഷിചെയ്ത സ്ഥലത്തിന്റെ വിസ്തൃതിക്കനുസരിച്ചല്ലാതെയും, അന്വേഷണ ഉദ്യോഗസ്ഥന്റെ ശുപാർശയ്ക്ക് വിരുദ്ധമായും ശ്രീ.വിഷ്ണു.കെ.എം ന് അനർഹമായി 16000/- രൂപ സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്. അനർഹമായി നൽകിയ 16000/- ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഉത്തരവാദിയായ കൃഷി ഓഫീസറിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

1-17 കുടിവെള്ള പദ്ധതികൾ തുടർ നടത്തിപ്പിനായി ഗുണഭോക്തൃസമിതികൾക്ക് കൈമാറിയില്ല

| | |
|---|---|
| പ്രോജക്ട് | മുന്നൂറാം കണ്ടി കുടിവെള്ള പദ്ധതി വൈദ്യുതീകരണം(125/21), ധർമ്മക്കുന്ന് കുടിവെള്ള പദ്ധതി മോട്ടോർ സ്ഥാപിക്കലും വൈദ്യുതീകരണവും (183/21), നടുവിലത്തറ കുടിവെള്ള പദ്ധതി വൈദ്യുതീകരണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

മുന്നൂറാം കണ്ടി കുടിവെള്ള പദ്ധതി, ധർമ്മക്കുന്ന് കുടിവെള്ള പദ്ധതി, നടുവിലത്തറ കുടിവെള്ള പദ്ധതി എന്നിവ തൻ വർഷം പ്രവർത്തി പൂർത്തീകരിച്ച കുടിവെള്ള പദ്ധതികളാണ്. സ.ഉ(സാ.ധാ) നം.1275/2009/ തസ്വഭവ തീയതി 30.05.2009 പ്രകാരം അവ തുടർ നടത്തിപ്പിനായി ഗുണഭോക്തൃ കമ്മിറ്റിക്ക് കൈമാറേണ്ടതാണ്. അപ്രകാരം കൈമാറിയിട്ടില്ലെന്നാണ് പദ്ധതി ക്ലാർക്ക് ഓഡിറ്റ് വേളയിൽ അറിയിച്ചിട്ടുള്ളത്. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണകുറിപ്പ് നം.12/2020-21/06.07.2022-

ന് മറുപടി ലഭ്യമാക്കിയില്ല. കുടിവെള്ള പദ്ധതികൾ തുടർ നടത്തിപ്പിനായി ഗുണഭോക്തൃ കമ്മിറ്റിക്ക് കൈമാറി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. പഞ്ചായത്തിലെ 15ാം വാർഡിലെ ഉണ്ണിച്ചാത്തൻ കണ്ടി കുടിവെള്ള പദ്ധതിക്കായി പ്രോജക്ട് നം.181/2020-21 പ്രകാരം തൻവർഷം ബ്ലോക്ക് പഞ്ചായത്തിന് 4,97,442/- രൂപ നൽകിയിട്ടുണ്ട്. ഈ തുക വിനിയോഗിച്ചതിന് മേലടി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ഡി/756/2022/06.07.2022 കത്ത് പ്രകാരം വിനിയോഗ സാക്ഷ്യപത്രം നൽകിയിട്ടുണ്ടെങ്കിലും പദ്ധതി പ്രവർത്തനക്ഷമമായോയെന്ന് വ്യക്തമല്ല. പദ്ധതി പ്രവർത്തനക്ഷമമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-18 ബഡ്സ് സ്കൂൾ കെട്ടിടനിർമ്മാണം എങ്ങുമെത്തിയില്ല-ഭിന്നശേഷി സൗഹൃദമല്ലാത്ത കെട്ടിടത്തിൽ ബഡ്സ് സ്കൂൾ പ്രവർത്തിക്കുന്നു- അടിസ്ഥാനസൗകര്യങ്ങളില്ലാതെ കുട്ടികൾ

1)

| | |
|---|---|
| പദ്ധതിയുടെ പേര് | ബഡ്സ് സ്കൂൾ നടത്തിപ്പ് ചെലവ്-കുടുംബശ്രീക്ക് കൈമാറൽ |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| അടങ്കൽ | 5,25,100/-(തനത് ഫണ്ട്) |
| ചെലവ് | ചെക്ക് നം.0501753/08.02.2021/ 2,04,000/- |

2)

| | |
|---|---|
| പദ്ധതിയുടെ പേര് | ബഡ്സ് സ്കൂൾ |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| അടങ്കൽ | 3,20,590/-(വികസന ഫണ്ട് ജനറൽ) |
| ചെലവ് | ബിൽ നം.2016075202720002 6176/11/04/21 2,04,000/- |

മേൽ പദ്ധതികളിലായി ബഡ്സ് സ്കൂൾ കെട്ടിടത്തിന്റെ 02/2020 വരെയുള്ള വാടക, വാഹന വാടക, ബഡ്സ് സ്കൂൾ ടീച്ചർ, ആയ എന്നിവരുടെ ഹോണറേറിയം എന്നിവ നൽകുന്നതിനായി കുടുംബശ്രീ സി.ഡി.എസ്സ്-ന് കൈമാറി തുക ചെലവഴിച്ചു. കോവിഡ് തീവ്ര്യാപനം മൂലം അടച്ച ബഡ്സ് സ്കൂൾ, കെട്ടിട ഉടമ വാടകകരാർ പുതുക്കി നൽകാതിരിക്കുകയും പുതിയ കെട്ടിടം ലഭിക്കാത്തതിനെയും തുടർന്ന് കോവിഡിന്റെ തീവ്രവ്യാപനത്തിന് ശേഷവും 30.06.2022 വരെ പ്രവർത്തിക്കാൻ സാധിച്ചില്ല. കൊഴുക്കല്ലൂർ വില്ലേജിലെ നരക്കോട് ദേശത്ത് റീ സർവ്വെ 53ൽ 1 പ്പെട്ട സ്ഥലത്ത് സ്ഥിതി ചെയ്യുന്ന എം.പി 12/356ാം നമ്പർ കെട്ടിടം ലഭ്യമാവുകയും പ്രതിമാസം 5,000/- രൂപ വാടകയ്ക്ക് 11 മാസത്തേക്ക് ബഡ്സ് സ്കൂൾ പ്രവർത്തിക്കുന്നതിന് 21.06.2020-ന് കെട്ടിടയുടമയുമായി കരാറിലേർപ്പെട്ട് 01.07.2022 മുതൽ പ്രവർത്തിച്ച് വരുന്നു.

07.02.2018- ലെ സ.ഉ(എം.എസ്)നം.20/2018/തസ്വഭവ ഉത്തരവിൽ ബഡ്സ് സ്കൂളുകൾക്ക് പൊതുവായി വേണ്ട അടിസ്ഥാന സൗകര്യങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. ഓഡിയോ മുറി, ഫിസിയോതെറാപ്പി മുറി, ഒക്ക്യുപേഷണൽ തെറാപ്പി മുറി, കൗൺസിലിംഗ് മുറി, വൊക്കേഷണൽ പരിശീലന മുറി, അടുക്കള, വിനോദ മുറി, ഓഫീസ് മുറി,റാംമ്പ് എന്നിവ ബഡ്സ് സ്കൂളിന് ആവശ്യമാണ്. കൂടാതെ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം പ്രത്യേകം ശുചി മുറിയും വേണ്ടതാണ്.

ഓഡിറ്റിന്റെ ഭാഗമായി 04.07.2022-ന് ബഡ്സ് സ്കൂളിൽ പഞ്ചായത്ത് അധികതരോടൊപ്പം സ്ഥലപരിശോധന നടത്തി. 50 വർഷത്തിലധികം പഴക്കമുള്ള രണ്ടു നിലയുള്ള ഓടിട്ട കെട്ടിടത്തിലാണ് ബഡ്സ് സ്കൂൾ പ്രവർത്തിക്കുന്നത്. മുറ്റത്ത് ചെളി കെട്ടി കിടക്കുന്നതിനാൽ കുട്ടികൾ വഴുക്കി വീഴാൻ സാധ്യതയേറേയാണ്. കെട്ടിടത്തിലേക്ക് പ്രവേശിക്കുന്നതിന് സ്റ്റെപ്പുകളാണുള്ളത് . റാംമ്പ് സ്ഥാപിച്ചിട്ടില്ല. ആയതിനാൽ കുട്ടികൾക്ക് കെട്ടിടത്തിലേക്ക് കയറുന്നതിന് വളരെയധികം ബുദ്ധിമുട്ടുണ്ട്. കെട്ടിടത്തിന്റെ വരാന്തയ്ക്ക് വീതി കുറവും ഉയരം കൂടുതലുമാണ്. കൈവരിയില്ലാത്തതിനാൽ കുട്ടികൾ താഴേക്ക് വീഴാൻ സാധ്യതയുണ്ട്. നിലവിൽ 18 കുട്ടികളാണ് സ്കൂളിൽ പഠിക്കുന്നത്. വരാന്തയോട് ചേർന്ന് മുറിക്ക് അത്യാവശ്യം വലുപ്പമുണ്ടെങ്കിലും ഏകദേശം 10 കുട്ടികൾക്ക് ഇരിക്കുവാനുള്ള സ്ഥലമേ അവിടെയുള്ളൂ. കെട്ടിടത്തിന്റെ അകത്ത് വളരെ ചെറിയ ഇടനാഴിയും അതിനോട് ചേർന്ന് തീരെ ചെറിയ മൂന്ന് മുറികളുമാണുള്ളത്. അടുക്കള സാമാന്യം വലുപ്പമുള്ളതും സൌകര്യമുള്ളതുമാണ്. ഒരു ശുചി മുറി മാത്രമേയുള്ളൂ. കുട്ടികൾക്ക് ക്ലാസ്സുകൾ എടുക്കുന്നതിന് സൌകര്യമുള്ള മുറിയില്ലാത്തതിനാൽ വരാന്തയിൽ വെച്ചാണ് ക്ലാസ്സുകൾ എടുക്കുന്നത്. കുട്ടികളുടെ പാഠ്യേതര പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള സൌകര്യവും നിലവില്ല. ആയതിനാൽ ഭിന്നശേഷി സൌഹൃദമല്ലാത്ത കെട്ടിടത്തിലാണ് നിലവിൽ ബഡ്സ് സ്കൂൾ പ്രവർത്തിക്കുന്നത്.

സ.ഉ(എം.എസ്) നം.236/2017/തസ്വഭവ തീയതി 05.12.2017 പ്രകാരം കുടുബശ്രീയുടെ കീഴിൽ 200 ബഡ്സ് സ്കൂളുകൾ ആരംഭിക്കുന്നതിന് അനുമതി നൽകി. അതിലൊന്ന് മേപ്പയൂർ പഞ്ചായത്തിൽ ആണ് സ്ഥാപിക്കേണ്ടത്. ഇതിനെ തുടർന്ന് സ.ഉ(എം.എസ്) നം.25/2018/ തസ്വഭവ തീയതി 22.02.2018 പ്രകാരം ഇപ്രകാരം ആരംഭിക്കുന്ന ബഡ്സ് സ്കൂളുകൾക്ക് അടിസ്ഥാന സൌകര്യങ്ങൾക്കായി 25 കോടി രൂപ അനുവദിച്ചു. ബഡ്സ് സ്കൂൾ ആരംഭിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി/അദ്ധ്യക്ഷന്റെ പ്രോപ്പസൽ പ്രകാരം ആദ്യഗഡുവായി 12.5 ലക്ഷം രൂപ അനുവദിക്കുന്നതിനും തീരുമാനിച്ചു. കുടുംബശ്രീ കോഴിക്കോട് ജില്ലാ മിഷൻ കോർഡിനേറ്ററുടെ 1020/എ-3/2009/കെഎസ് /കെകെഡി ( 6) 27.09.2018 ഉത്തരവ് പ്രകാരം മേപ്പയൂർ ഗ്രാമപഞ്ചായത്തിൽ പുതുതായി ആരംഭിക്കുന്ന ബഡ്സ് സ്കൂളിന് അടിസ്ഥാന സൌകര്യങ്ങൾ ഒരുക്കുന്നതിനായി നിബന്ധനകൾക്ക് വിധേയമായി 12,50,000/- രൂപ അനുവദിക്കുകയും ആയത് സെക്രട്ടറിക്ക് ലഭിച്ച് സിഡിഎസ്സിന്റെ 40679101050835

നമ്പർ അക്കൗണ്ടിൽ 10.10.19, 07.03.2020, 16.03.2020 തീയതികളിൽ വരവ് വെയ്ക്കുകയും ചെയ്തു. ഈ തുക പഠന സാമഗ്രികൾ, വിദ്യാർത്ഥി സൗഹൃദ മേശ, കസേര, ടിവി. പ്രൊജക്ടർ, ഓഫീസ് ആവശ്യത്തിനുള്ള കമ്പ്യൂട്ടർ, പ്രിന്റർ, തെറാപ്യൂട്ടിക് ഉപകരണങ്ങൾ വാങ്ങുന്നതിന്, വിദ്യാർത്ഥികൾക്ക് തൊഴിൽ ഉപകരണങ്ങൾ വാങ്ങുന്നതിന്, റാമ്പ്, റെയിൽ എന്നിവ സ്ഥാപിക്കുന്നതിനും വാടക കെട്ടിടത്തിലാണ് സ്കൂൾ പ്രവർത്തിക്കുന്നതെങ്കിൽ പരമാവധി 6 മാസത്തെ വാടക നൽകുന്നതിനും ഉപയോഗിക്കാവുന്നതാണ്. തുക ലഭ്യമായി ഒരു മാസത്തിനകം വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. ബഡ്സ് സ്കൂളിന്റെ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ ഒരു ബഡ്സ് വികസന മാനേജ്മെന്റ് കമ്മറ്റി രൂപീകരിച്ച് പ്രവർത്തിക്കേണ്ടതുമാണ്. നിലവിൽ 6 മാസത്തെ വാടക ഇതിൽ നിന്നും നൽകിയിട്ടുണ്ട്. എന്നാൽ ഈ തുക അടിസ്ഥാന സൌകര്യ വികസനത്തിന് ഉപയോഗിച്ചിട്ടില്ല. നിലവിലെ വാടക കെട്ടിടത്തിൽ മതിയായ സ്ഥല സൗകര്യമില്ലാത്തതിനാൽ മേൽപ്പറഞ്ഞ സാമഗ്രികൾ സ്ഥാപിക്കുക ബുദ്ധിമുട്ടുള്ള കാര്യമാണ്.

കോഴിക്കോട് ജില്ലാകളക്ടറുടെ 03/11/2020- ലെ ഡി.സി.കെ.കെ.ഡി 8455/2020- L1 ഉത്തരവ് പ്രകാരം കോഴിക്കോട് ജില്ലയിലെ കൊഴുക്കല്ലൂർ വില്ലേജിലെ റീസർവ്വെനം. 16/1-എ-യിൽപ്പെട്ട റവന്യൂ വകുപ്പിന്റെ കീഴിലുള്ള 25 സെന്റ് സ്ഥലം മേപ്പയൂർ ഗ്രാമപഞ്ചായത്തിന് ബഡ്സ് സ്കൂൾ നിർമ്മിക്കുന്നതിന് ഉപയോഗാനുമതി നൽകി. ഈ ഭൂമി അളന്നു തിരിച്ച് സ്കെച്ച് തയ്യാറാക്കി സാമൂഹ്യനീതി വകുപ്പിന് 15 ദിവസത്തിനകം കൈമാറാൻ ബന്ധപ്പെട്ട തഹസിൽദാർ ക്രമീകരണം നടത്തേണ്ടതുമാണ്. സാമൂഹ്യനീതി ഓഫീസർ സമർപ്പിച്ച ഭൂമി കൈമാറ്റ അപേക്ഷകളിൽ ബന്ധപ്പെട്ട തഹസിൽദാർമാർ യഥാവിധി നടപടികൾ പൂർത്തീകരിച്ച് ജില്ലാ കളക്ടറുടെ അന്തിമ അംഗീകാരത്തിനായി ഭൂമി കൈമാറ്റ പ്രോപ്പോസൽ സബ്കളക്ടർ/ആർഡിഓ മുഖാന്തിരം കളക്ടേറ്റിലേക്ക് സമർപ്പിക്കേണ്ടതുമാണ്. എന്നാൽ നാളിതുവരെയായിട്ടും ഭൂമി കൈമാറി കിട്ടിയിട്ടില്ല. ബഹു ജില്ലാകളക്ടർ അതീവ പ്രാധാന്യം നൽകി സാമൂഹ്യ നീതി വകുപ്പിന് കൈമാറാൻ തീരുമാനിച്ച ഭൂമി നാളിതുവരെ കൈമാറി കിട്ടാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതും വിഷയത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കേണ്ടതുമാണ്.

നിലവിൽ ബഡ്സ് സ്കൂൾ പ്രവർത്തിക്കുന്ന കെട്ടിടത്തിന് അസി.എൻജിനീയർ ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നൽകിയിട്ടില്ലായെന്നാണ് ഓഡിറ്റിനെ അറിയിച്ചിട്ടുള്ളത്. ബഡ്സ് സ്കൂളിന് അനുവദിച്ച സ്ഥലം വിട്ടുകിട്ടി കെട്ടിടം നിർമ്മാണം നടത്തുന്നതുമായി ബന്ധപ്പെട്ട് ബഡ്സ് വികസന മാനേജ്മെന്റ് കമ്മറ്റി യാതൊരു ചർച്ചയും നടത്തിയതായി മിനിട്സ് പരിശോധിച്ചതിൽ കാണുന്നില്ല. ഭിന്നശേഷി സൗഹൃദമല്ലാത്ത കെട്ടിടം വാടകയ്ക്കെടുത്തതിനും പുതിയ കെട്ടിട നിർമ്മാണം ഏങ്ങുമെത്താത്തതിനും വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണകുറിപ്പ് നം. 08/2020-21/06.07.2022-ന്

മറുപടി ലഭ്യമാക്കിയില്ല. സമൂഹത്തിന്റെ കരുതലും പിന്തുണയും വളരെയധികം ആവശ്യമുള്ള ബഡ്സ് സ്കൂൾ കുട്ടികളുടെ സർവ്വതോൻമുഖമായ വളർച്ചയ്ക്ക് വേണ്ട അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിന് കെട്ടിടം അവശ്യമായ സംഗതിയാണ്. അനുയോജ്യമായ കെട്ടിടമില്ലാത്തതിനാൽ കുടുംബശ്രീ അനുവദിച്ച 12,50,000/- രൂപ വിനിയോഗിച്ച് അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിന് സാധിക്കാത്ത അവസ്ഥയാണ് നിലവിലുള്ളത്. അനുവദിച്ച തുക വിനിയോഗിക്കാത്തതു മൂലം അടുത്ത ഗഡുവായ 12,50,000/- രൂപ ലഭിക്കുകയുമില്ല. റവന്യൂ വകുപ്പ് ബഡ്സ് സ്കൂളിനായി അനുവദിച്ച സ്ഥലം വിട്ടു കിട്ടുന്നതിനുള്ള നടപടി ക്രമങ്ങൾ പൂർത്തീകരിച്ച് കെട്ടിട നിർമ്മിക്കുന്നതിനുള്ള കൂട്ടായ പ്രവർത്തനങ്ങൾ റവന്യൂ, പഞ്ചായത്ത്, സാമൂഹ്യനീതി വകുപ്പുകളിൽ നിന്നും അടിയന്തിരമായി ഉണ്ടാകേണ്ടത് സമൂഹത്തിന്റെ സവിശേഷ പരിഗണന അർഹിക്കുന്ന ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ സർവ്വതോൻമുഖമായ വികസനത്തിന് അത്യന്താപേക്ഷിതമാണ്. അതുവരെ ഭിന്നശേഷി സൌഹൃദമായ വാടക കെട്ടിടം കണ്ടെത്തി സ്കൂൾ പ്രവർത്തിക്കുന്നതിന് പഞ്ചായത്ത് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 ഭിന്നശേഷിക്കാർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ- രേഖകൾ ഹാജരാക്കിയില്ല

1)

| | |
|---|---|
| പദ്ധതിയുടെ പേര് | ഭിന്നശേഷിക്കാർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ |
| നിർവ്വഹണഉദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| അടങ്കൽ | വികസന ഫണ്ട് ജനറൽ 4,00000/- |
| ചെലവ് | ബിൽ നം. 20160752027200026174/11.04.2020/ 4,00000/- |

മേൽ പദ്ധതിയിൽ 5 ഭിന്നശേഷിക്കാർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ നൽകുന്നതിനായി 4,00000/- രൂപ ചെലവഴിച്ചു. ഒരു സ്കൂട്ടറിന് 80,000/- രൂപ നിരക്കിൽ വാഹനം വിതരണം ചെയ്തത് കെൽട്രോൺ ഇലക്ട്രോസെറാമിക്സ് ലി. എന്ന സ്ഥാപനമാണ്. ഓഡിറ്റിന് ഹാജരാക്കിയ ഫയൽ പരിശോധിച്ചതിൽ വാഹനം ലഭിച്ച 5 പേരിൽ ശ്രീ.ബാലകൃഷ്ണൻ കൈതകുളങ്ങര,ശ്രീമതി ഷീബ, പടിഞ്ഞാറെ തേവറാട്ടുമ്മൽ എന്നിവർക്ക് മാത്രമേ വാഹനം ഓടിക്കുവാനുള്ള ലൈസൻസ് ഉള്ളൂ. മറ്റുള്ള മൂന്ന് ഗുണഭോക്താക്കളായ ശ്രീ.ചോയ്യ്യാൻ, കുഞ്ഞലൻകണ്ടി, ശ്രീ.ചന്ദ്രൻ, വടക്കേടത്ത്, ശ്രീ.ഷാജി,

തയ്യുള്ള പറമ്പിൽ മീത്തൽ എന്നിവർക്ക് വാഹനം ഓടിക്കുവാനുള്ള ലൈസൻസ് ഉള്ളതായി കാണുന്നില്ല. കൂടാതെ ശ്രീ.ബാലകൃഷ്ണൻ കൈതകുളങ്ങര, ശ്രീമതി.ഷീബ, പടിഞ്ഞാറെ തേവറാട്ടുമ്മൽ, ശ്രീ.ചോയ്യാൻ, കുഞ്ഞലൻകണ്ടി എന്നിവർ മാത്രമേ വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുള്ളൂ. രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് നം. 11/2020-21 /06.07.2022-ന് മറുപടി ലഭ്യമാക്കിയില്ല. പദ്ധതിയിൽ ആനുകൂല്യം ലഭിച്ച മൂന്ന് ഗുണഭോക്താക്കൾ രേഖകൾ ഹാജരാക്കാത്തതിനാൽ അവർക്കായി പദ്ധതിയിൽ ചെലവഴിച്ച തുക 2,40,000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

1-20 ഇ-ടെണ്ടർ ഫോറം വില എക്സിക്യൂട്ടീവ് എഞ്ചിനീയരുടെ അക്കൗണ്ടിൽ നിന്നും ലഭ്യമാക്കിയിട്ടില്ല.

ഇ-ടെണ്ടർ ചെയ്യുന്ന പൊതുമരാമത്ത് പ്രവൃത്തികളുടെ ടെണ്ടർഫീ ഇനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയരുടെ അക്കൗണ്ടിലേക്ക് ഓൺലൈൻ ആയി കരാറുകാർ അടവാക്കുന്ന തുക പഞ്ചായത്തിന്റെ തനത് വരുമാനത്തിൽപ്പെടുന്നതാണ്. 2020-21 വർഷം വാർഷിക പദ്ധതിയിലെ 8 പൊതുമരാമത്ത് പ്രവൃത്തികളിൽ കരാറുകാരെ നിശ്ചയിച്ചത് ഇ-ടെണ്ടർ നടപടികളിലൂടെയാണ്. ഓഡിറ്റ് വർഷം മേൽ പൊതുമരാമത്ത് പ്രവൃത്തികളുടെ ടെണ്ടർഫീ ആയി കരാറുകാർ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചീനീയറുടെ അക്കൗണ്ടിലേക്ക് അടവാക്കിയ തുക ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചീനീയരുടെ അക്കൗണ്ടിൽ നിന്നും പഞ്ചായത്തിന് ലഭിച്ചിട്ടില്ല. മേൽ വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് കരാറുകാരുടെ ടെണ്ടർ ഫീ അടവാക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയരുടെ പേരിൽ അക്കൗണ്ട് ആരംഭിച്ചിട്ടുണ്ടെന്നും ഓഡിറ്റ് വർഷം വരെയും 300348 രൂപ ഈ ഇനത്തിൽ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയരിൽ നിന്നും പഞ്ചായത്തിന് ലഭിക്കാനുള്ളതായി അറിയിക്കുകയും ചെയ്തിട്ടുണ്ട്. ടെണ്ടർഫീ ഇനത്തിൽ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയരിൽ നിന്നും പഞ്ചായത്തിന് ലഭിക്കാനുള്ള തുക ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും തുക ലഭ്യമാക്കിയതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-21 മാലിന്യ നീക്കം കാര്യക്ഷമമല്ല- എം.സി.എഫ്,മിനിഎം.സി.എഫ് എന്നിവ മാലിന്യകൂമ്പാരം

| | |
|---|---|
| പ്രോജക്ട് | റിജക്ട് വെയ്സ്റ്റ് കയ്യൊഴിയൽ (128/21) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | ധനകാര്യകമ്മീഷൻ അവാർഡ്- 7,00000/- |
| ചെലവ് | ബിൽ നം.20160752027300742093/17.11.2020/ |

| | |
|---|---|
| | 1,14,835/- |

മാലിന്യമുക്തകേരളം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ഹരിതകേരള മിഷനിൽ ഉൾപ്പെടുത്തി കൊണ്ടുള്ള സമ്പൂർണ്ണ ശുചിത്വ-മാലിന്യ സംസ്കരണ കർമ്മപരിപാടിക്ക് സ.ഉ (കൈ)നം.159/2016 /തസ്വഭവ തീയതി 06.11.2016 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു. ഇതിനെ തുടർന്ന്, പൗരൻമാർക്ക് മാലിന്യസംസ്കരണത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുക, സങ്കീർണ്ണമായ മാലിന്യ പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനുമുള്ള സഹായം തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് നൽകുക, ശാസ്ത്രീയമാലിന്യ പരിപാലനം തദ്ദേശസ്വയംഭര ണസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സുസ്ഥിരമാക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി കൊണ്ട് സ.ഉ(സാധാ)2420/2017/തസ്വഭവ തീയതി 15.07.2017 പ്രകാരം ശുചിത്വ-മാലിന്യ സംസ്കരണ ക്യാമ്പയിൻ നിർവ്വഹണ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. മാലിന്യങ്ങളുടെ ഉത്പ്പാദനം കുറയ്ക്കുക, പുനരുപയോഗം വർദ്ധിപ്പിക്കുക, പുന.ചക്രമണത്തിലൂടെ മറ്റ് ഉൽപ്പന്നങ്ങളാക്കി മാറ്റുക എന്നിവ നടപ്പാക്കുക വഴി സീറോ വെസ്റ്റ്( മാലിന്യം പൂർണ്ണമായി ഇല്ലാതാക്കുക) എന്ന ലക്ഷ്യം പൂർത്തീകരിക്കുക എന്നതാണ് ഈ ക്യാമ്പയിന്റെ ഉദ്ദേശ ലക്ഷ്യം. ആയതിലേയ്ക്കായി പൗരൻമാർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ഹരിതകർമ്മസേന, ഹരിതസഹായ സ്ഥാപനം, ക്ലീൻ കേരള കമ്പനി,ഹരിത കേരളമിഷൻ എന്നിവയുടെ ചുമതലകൾ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

പദ്ധതി നടത്തിപ്പ് സംബന്ധിച്ച അപാകതകൾ

മേൽ പദ്ധതിയിൽ 2020 മെയ് മാസം 22,25 തീയതികളിലായി 9650 കി.ഗ്രാം റിജക്ട് വെയ്സ്റ്റ് കൊണ്ടുപോയ വകയിൽ ക്ലീൻ കേരള കമ്പനിക്ക് 1,14,835/- രൂപ നൽകി. ഓഡിറ്റിന് ഹാജരാക്കിയ വൗച്ചറുകൾ പരിശോധിച്ചതിൽ മാലിന്യത്തിന്റെ തൂക്കം എടുത്തിട്ടുള്ളത് കോഴിക്കോട് ചുങ്കത്തുള്ള നാഷണൽ വെയ്ബ്രിഡ്ജ്, കുന്ദമംഗലത്തുള്ള കെ.ആർ.എസ് വെയ്ബ്രിഡ്ജ് എന്നിവിടങ്ങളിൽ നിന്നാണ്. എന്നാൽ മാലിന്യത്തിന്റെ അളവ് ബോധ്യപ്പെട്ടതിന്റെ രേഖയൊന്നും ഫയലിൽ ലഭ്യമല്ല. കോവിഡ് മൂലം അടുത്തുള്ള കൊയിലാണ്ടിയിലെ വെയ്ബ്രിഡ്ജ് പ്രവർത്തിക്കാത്തതു കൊണ്ടാണ് ദൂരെ സ്ഥലത്ത് പോയി മാലിന്യത്തിന്റെ തൂക്കം എടുത്തതെന്നും ആയത് അസി.സെക്രട്ടറിയും ആരോഗ്യവിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാനും പരിശോധിച്ച് ഉറപ്പു വരുത്തിയതാണെന്നും ആയതിന്റെ ഒറിജിനൽ ബിൽ ട്രഷറിയിൽ സമർപ്പിച്ചതാണെന്നും സെക്രട്ടറി 06.07.2022-ന് മറുപടി നൽകിയിട്ടുണ്ട്. ഭാവിയിൽ ബന്ധപ്പെട്ട രേഖകൾ ഫയലിൽ സൂക്ഷിക്കുന്നുവെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

എം.സി.എഫുകളിൽ തരം തിരിക്കുന്ന അജൈവ മാലിന്യങ്ങൾ കൃത്യമായ ഇടവേളകളിൽ നീക്കം ചെയ്യുന്നതിനായി ക്ലീൻ കേരള കമ്പനിയുമായി 06.11.2020 -ന് കരാറിലേർപ്പെട്ടു.

പുന:ചക്രമണയോഗ്യമായവസ്തു് വിപണി നിരക്കിൽ പ്രതിഫലം നൽകി സ്വീകരിക്കേണ്ടതും അല്ലാത്തവസ്തു് നിശ്ചിത നിരക്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനം തുക നൽകേണ്ടതുമാണ്. 2020-21 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി പഞ്ചായത്ത് അധികൃതരൊടൊപ്പം മേപ്പയൂർ ടൗണിലെ എം.സി.എഫ്-ൽ പരിശോധന നടത്തി. കൃത്യമായ ഇടവേളകളിൽ മാലിന്യം നീക്കം ചെയ്യാത്തതിനാൽ അവിടം ഒരു മാലിന്യ കൂമ്പാരമായി കാണപ്പെട്ടു. തരംതിരിച്ച മാലിന്യങ്ങൾ എം.സി.എഫ്-നകത്തും റിജക്ട് വെയ്സ്റ്റുകൾ പുറത്ത് മഴയത്തും കൂട്ടിയിട്ടിരിക്കുന്നതായി കണ്ടു. അവിടെ ഹരിത കർമ്മസേന പ്രവർത്തകർക്ക് ഓഫീസ് സൗകര്യം ഒരുക്കിയിട്ടില്ല. സ.ഉ(ആർ.ടി)113/2021/തസ്വഭവ തീയതി 16.01.2021, സർക്കുലർ നം. 4/ഡിസി1/2021/തസ്വഭവ തീയതി 11.10.2021, സർക്കുലർ നം.ഡബ്യു.എം.1/40 /2022/02.02.2022 എന്നിവ പ്രകാരം എം.സി.എഫുകളിൽ ഒരുക്കേണ്ട തീപിടുത്ത മുൻകരുതൽ സംവിധാനങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ് വകുപ്പിന്റെ നിരാക്ഷേപ പത്രം ലഭ്യമാക്കുക, ഫയർ ഓഡിറ്റ്,ഇലക്ട്രിക്കൽ ഓഡിറ്റ് നടത്തുക,250-500 ലിറ്റർ കപ്പാസിറ്റിയുള്ള വാട്ടർ ടാങ്ക്, പ്രഷർ പമ്പ് സ്ഥാപിക്കുക,തീപ്പിടുത്തമുണ്ടാകുമ്പോൾ അടിയന്തിരമായി ചെയ്യേണ്ട കാര്യങ്ങളെ സംബന്ധിച്ച് ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ് മുഖേന ഹരിത കർമ്മസേന പ്രവർത്തകർക്ക് പരിശീലനം നൽകുക, പാഴ്‌വസ്തുക്കൾ സമയബന്ധിതമായി നീക്കം ചെയ്യുക എന്നീ കാര്യങ്ങൾ കൃത്യമായി ചെയ്യേണ്ടതാണെങ്കിലും അപ്രകാരം നടപടി സ്വീകരിച്ചിട്ടില്ല.

രണ്ടാം വാർഡിലെ കണ്ണോത്ത് പറമ്പത്ത് വായനാശാലയ്ക്ക് സമീപം മഹാത്മാഗാന്ധി തൊഴിലുറപ്പ പദ്ധതിയിൽ സ്ഥാപിച്ച മിനി എം.സി.എഫും മാലിന്യകൂമ്പാരമായി കാണപ്പെട്ടു. എം.സി.എഫ്-ൽ നിന്ന് കൃത്യമായ ഇടവേളകളിൽ മാലിന്യം നീക്കം ചെയ്യാതെ മാലിന്യ കൂമ്പാരമായതിനാൽ വാർഡുകളിൽ നിന്നും എം.സി.എഫ്-ലേക്കുള്ള മാലിന്യനീക്കവും തടസ്സപ്പെട്ടതായാണ് കാണുന്നത്.

ക്ലീൻ കേരള കമ്പനിയുമായുള്ള കരാർ പ്രകാരം കൃത്യമായ മാലിന്യ ശേഖരണ കലണ്ടർ തയ്യാറാക്കി ക്ലീൻകേരള കമ്പനിക്ക് നൽകിയെങ്കിലും സംസ്ഥാനത്ത് നിലവിൽ റിജക്ട് വെയ്സ്റ്റുകൾ സമയബന്ധിതമായി സംസ്കരിക്കുന്നതിന് സംവിധാനങ്ങളില്ലാത്തതിനാൽ അവർക്ക് ഉടനെ തന്നെ മാലിന്യം നീക്കം ചെയ്യാൻ സാധിക്കാറില്ലായെന്നാണ് സെക്രട്ടറി മറുപടി നൽകിയിട്ടുള്ളത്. എന്നാൽ കൃത്യമായ ഇടവേളകളിൽ നീക്കം ചെയ്തില്ലെങ്കിൽ ആരോഗ്യ പ്രശ്നങ്ങൾക്കും പകർച്ച വ്യാധികൾക്കും കാരണമാകുമെന്നതിനാൽ മാലിന്യങ്ങൾ യഥാസമയം നീക്കം ചെയ്യേണ്ടത് പഞ്ചായത്തിന്റെ കടമയാണ്. ആയതിനാൽ ക്ലീൻകേരള കമ്പനിക്ക് മാലിന്യങ്ങൾ യഥാസമയം നീക്കം ചെയ്യാൻ സാധിക്കുന്നില്ലെങ്കിൽ പ്രാപ്തരായ മറ്റ് ഏജൻസികളെ കണ്ടെത്തി മാലിന്യം നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. റിജക്ട് വെയ്സ്റ്റുകൾ മഴയത്ത് ഇട്ടിരിക്കുന്നതു മൂലം തൂക്കം കൂടുന്നതിനും അവ നീക്കം ചെയ്യുന്നവേളയിൽ അധിക തുക നൽകുന്നതിനും കാരണമാകും. എം.സി.എഫ്-ൽ തീപ്പിടുത്ത

മുൻകരുതൽ സംവിധാനങ്ങളും ഹരിതകർമ്മസേന പ്രവർത്തകർക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങളും അടിയന്തിരമായി ഒരുക്കേണ്ടതുമാണ്.

1-22 അഗതിരഹിത കേരളം പദ്ധതി നടപ്പിലാക്കിയില്ല- അഗതികളുടെ സമഗ്രവികസനം സാദ്ധ്യമായില്ല

| | |
|---|---|
| പ്രോജക്റ്റ് | അഗതി ആശ്രയ-കുടുംബശ്രീക്ക് വിഹിതം നൽകൽ(84/21) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | വികസനഫണ്ട്(ജനറൽ)- 1,00000/- |
| ചെലവ് | 0 |

സമൂഹത്തിലെ ഏറ്റവും പിന്നോക്കം നിൽക്കുന്ന അഗതികളുടെ ഉന്നമനത്തിനായി സ.ഉ(എം.എസ്) 252/2017/തസ്വഭവ തീയതി 12.12.2017 പ്രകാരമുള്ള അഗതിരഹിതകേരളം പദ്ധതി ആവിഷ്ക്കരിച്ചു. പഞ്ചായത്തിലെ അഗതികളായ മുഴുവൻ ആളുകളെയും പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതും അവർക്ക് ആവശ്യമായ ഭക്ഷണം, ഭൂമി, വീട്, ചികിത്സ, വിദ്യാഭ്യാസം, കുടിവെള്ളം എന്നീ പ്രാഥമിക ആവശ്യങ്ങൾക്കും, തൊഴിൽ പരിശീലനത്തിനുമുള്ള ഫണ്ട് വകയിരുത്തി അവ ഒരുക്കി കൊടുത്ത് അവരെ മൂന്ന് വർഷം കൊണ്ട് (2021-22 കാലയളവിനുള്ളിൽ) സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുകയെന്നത് ഗ്രാമപഞ്ചായത്തിന്റെയും കുടുംബശ്രീ മിഷന്റെയും ഉത്തരവാദിത്വമാണ്. അഗതികളുടെ ഭവനനിർമ്മാണത്തിനായി വികസനഫണ്ട്(ജനറൽ)- 1,00000/- വകയിരുത്തിയെങ്കിലും ആനുകൂല്യം നൽകിയില്ല. 2019-20 -ലും പദ്ധതി ആവിഷ്ക്കരിച്ചുവെങ്കിലും (പ്രോജക്റ്റ് നം.101/2019-20) നടപ്പിലായില്ല.

പഞ്ചായത്തിലെ അഗതി കുടുബങ്ങൾക്കായി കുടുബശ്രീ എക്സിക്യൂട്ടിവ് ഡയറക്ടറുടെ 09.03.2019-ലെ കെഎസ്/എൽ/513/2019 ഉത്തരവ് പ്രകാരം ഭക്ഷണം, ചികിത്സ, വസ്ത്രം, വീട്, കുടിവെള്ളം, വിദ്യാഭ്യാസം, വീട് പുനരുദ്ധാരണം, വൈദ്യുതീകരണം, മെഡിക്കൽ ക്യാമ്പ് എന്നീ ഇനങ്ങളിലായി 1,71,93,308/- രൂപയുടെ പദ്ധതിക്കാണ് അനുമതി ലഭിച്ചത്. ആയതിൽ കുടുബശ്രീ മിഷൻ 29,07,108/- രൂപയും തദ്ദേശസ്വയംഭരണ സ്ഥാപനം 1,36,14,200/- രൂപയും വകയിരുത്തേണ്ടതാണ്. മേൽ ഉത്തരവ് പ്രകാരം കുടുബശ്രീ മിഷൻ ചലഞ്ച് ഫണ്ടിന്റെ ഒന്നാം ഗഡുവായി 29.02.2020- ന് 7,74,358/- രൂപയും (മുൻബാക്കിയുള്ള ചലഞ്ച് ഫണ്ട് 1,94,678/- കഴിച്ച്) 30.04.2020-ന് രണ്ടാം ഗഡുവായി 9,69,036/-രൂപയും അനുവദിച്ചു. 2019-20,2020-21 കാലയളവിൽ ഭക്ഷ്യകിറ്റ് നൽകുവാനായി ഇതിൽ

5,63,396/- രൂപ വിനിയോഗിച്ചു. പഞ്ചായത്തിൽ 104 അഗതി കുടുംബങ്ങളാണുള്ളത്. അഗതി പദ്ധതിയിൽപ്പെടുത്തി നാളിതുവരെയായി പഞ്ചായത്ത് തുകയൊന്നും അനുവദിച്ചിട്ടില്ല.

അഗതികളുടെ ലിസ്റ്റിലുള്ള വീടില്ലാത്ത 27 പേരിൽ 6 പേർക്ക് ലൈഫ് ഭവന പദ്ധതി പ്രകാരം വീട് ലഭിച്ചിട്ടുണ്ട്. അഗതികളുടെ സമഗ്രവികസനത്തിനായി പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ള വീട്, വീട് പുനരുദ്ധാരണം, ഭൂമി, കുടിവെള്ളം, വൈദ്യുതി എന്നീ ക്ലേശഘടകങ്ങൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങളൊന്നും നടത്തിയിട്ടില്ല. നിലവിലും വീടില്ലാത്ത 21 ഗുണഭോക്താക്കളാണുള്ളത്. അതിൽ ഒരാൾ മാത്രമേ അടുത്ത് പുറത്തിറങ്ങിയ ലൈഫ് മിഷൻ കരട് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളൂ. ഭൂമി ആവശ്യമുള്ള മൂന്ന് ഗുണഭോക്താക്കൾക്കും അത് ലഭിച്ചിട്ടില്ല. വിവിധ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിൽ അഗതി ഗുണഭോക്താക്കൾക്ക് മുൻഗണന നൽകേണ്ടതാണെങ്കിലും അപ്രകാരമുള്ള നടപടി പഞ്ചായത്തിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ല. നാളിതുവരെയായി പദ്ധതി നടപ്പിലാക്കുന്നതിനായി ജില്ലാ – ബ്ലോക്ക് പഞ്ചായത്ത് വിഹിതം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. പദ്ധതി മോണിറ്ററിംഗിനായി പ്രസിഡന്റ് അദ്ധ്യക്ഷനായ മോണിറ്ററിംഗ് സമിതി രൂപീകരിച്ച് പ്രവർത്തനങ്ങൾ നടത്തേണ്ടതാണെങ്കിലും സമിതി രൂപീകരിച്ചിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച ഓഡിറ്റ് അന്വേഷണകുറിപ്പ് നം. 09/2020-21/06.07.2022-ന് മറുപടി ലഭ്യമാക്കിയില്ല. സമൂഹത്തിലെ ഏറ്റവും അവശരും ആലംബഹീനരുമായ അഗതികളുടെ സർവ്വതോൻമുഖമായ ഉന്നമനം ലക്ഷ്യമിട്ടു കൊണ്ട് ആവിഷ്ക്കരിച്ച അഗതി രഹിത കേരളം പദ്ധതിയിൽ യാതൊരു പ്രവർത്തനവും നടത്തിയില്ലായെന്നത് വീഴ്ച്ചയായി കാണുന്നു. കൃത്യമായ മോണിറ്ററിംഗിന്റെ അഭാവം മൂലമാണ് ഈ സ്ഥിതി വരാനിടയായത്. അഗതികളുടെ ഉന്നമനത്തിനായി പദ്ധതിയിൽ വിഭാവനം ചെയ്ത പ്രവർത്തനങ്ങൾ നടത്തി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടു വരുന്നതിന് അടിയന്തര നടപടികൾ ഉണ്ടാകുന്നതിന് വിഷയം ഭരണസമിതിയുടെ സവിശേഷ ശ്രദ്ധയിൽ കൊണ്ടു വരുന്നു.

## 1-23 കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

വെറ്ററിനറി സർജൻ 2020-21 വർഷത്തിൽ നടപ്പിലാക്കിയ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയിൽ (പ്രോജക്ട്.നം. 13/2020-21) 625000/- രൂപ 50 ഗുണഭോക്താക്കൾക്ക് വേണ്ടി 23.01.2021 ന് NEFT ആയി കാഫ് ഫീഡ് സബ്സിഡി സ്കീം അസി.ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കിയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിനായി ഹാജരാക്കേണ്ടതാണ്.

## 1-24 മുൻകാല ഡെപ്പോസിറ്റുകൾ തനതുഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല

മേപ്പയ്യൂർ ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി ഡെപ്പോസിറ്റ് രജിസ്റ്റർ

പരിശോധിച്ചതിൽ 20-21 സംക്ഷിപ്തം പ്രകാരം 1,513,984/- രൂപ ഡെപ്പോസിറ്റുള്ളതായി കാണുന്നു. വിവിധ അക്കൌണ്ടുകളിലായി 2014-15 കാലയളവ് മുതലുള്ള പലവിധത്തിലുള്ള ഡെപ്പോസിറ്റുകളും ഇപ്പോഴും ആവശ്യമുന്നയിക്കാതെ ഡെപ്പോസിറ്റുകളായി തന്നെ തുടരുന്നുണ്ട്.

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 281, 282 പ്രകാരം കാലാവധി കഴിഞ്ഞ നിലനിലർത്തേണ്ടവയൊഴികെയുള്ള ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടാതിരിക്കാനുള്ള കാരണം അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 വയോജനങ്ങൾക്ക് കട്ടിൽ വിതരണം - അധിക തുക നൽകി

| | |
|---|---|
| പ്രോജക്ട് നം. | 87/20-21 |
| പ്രോജക്ടിന്റെ പേര് | വയോജനങ്ങൾക്ക് കട്ടിൽ |
| നിർവഹണ ഉദ്യാഗസ്ഥൻ | അസി. സെക്രട്ടറി |
| വകയിരുത്തിയ തുക | 340000/- (എസ്.സി.പി)<br>3650/- (തനത് ഫണ്ട്) |
| ചെലവഴിച്ചതുക, ബിൽ നമ്പർ | 323680/-<br>(5/20-21, തീ-27.02.2021) |

പട്ടികജാതി വിഭാഗത്തിൽപ്പെട്ട അറുപതു വയസ്സ കഴിഞ്ഞ വയോജനങ്ങൾക്ക് കട്ടിൽ വിതരണം ചെയ്യുന്നതിനായി അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ മേൽ പ്രോജക്ട് പ്രകാരം കേരള ആർട്ടിസാൻസ് ഡവലപ്പ്മെന്റ് കോർപ്പറേഷനിൽ നിന്നും 29.01.2021ലെനമ്പർ ഇൻവോയ്സ് NRO/Sales/517 അനുസരിച്ച് 68 കട്ടിലുകൾ 323680/- രൂപക്ക് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ആയതുപ്രകാരം ഒരു കട്ടിലിന് 4760 രൂപയാണ് ചെലവഴിച്ചത്.

14.02.18ലെ സ.ഉ.(കൈ)നം.22/2018 ത.സ്വ.ഭ.വ ഉത്തരവ് 7.1.13(2) ഖണ്ഡിക പ്രകാരം അറുപതു വയസ്സ കഴിഞ്ഞ വയോജനങ്ങൾക്ക് യൂണിറ്റ് ചെലവ് പരമാവധി 4350/- രൂപയിൽ അധികരിക്കാതെ നൽകാവുന്ന കട്ടിലിന്റെ സ്പെസിഫിക്കേഷൻ 1.98 മീറ്റർ നീളവും 90 സെന്റീമീറ്റർ വീതിയും മുൻകാലിന് 60 സെന്റീമീറ്റർ പിൻകാലിന് 50 സെന്റീമീറ്ററും കട്ടിലിൽ 8മില്ലീമീറ്റർ കനവുമുള്ള പ്ലൈവുഡ് ഉറപ്പിച്ചതുമായ മരത്തടിയിലോ സ്ററീലിലോ പണിത കട്ടിലുകളാണ് നൽകാവുന്നത്. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥൻ വിതരണം ചെയ്തിരിക്കുന്ന കട്ടിലുകൾ 180X90X45 Cm ഹെഡ്സൈഡ് 60 Cm ലഗ്സൈഡ് 50 Cm 4mm ബാംബൂപ്ലൈ ഓൺടോപ്പ് എന്ന സ്പെസിഫിക്കേഷൻ പ്രകാരമുള്ള കട്ടിലുകളാണ്. കൂടാതെ സബ്സിഡി മാർഗ്ഗരേഖക്കു വിരുദ്ധമായി ഒരു യൂണിറ്റിന് അനുവദിയ്ക്കാവുന്ന പരമാവധി സബ്സിഡിയിൽ കൂടുതൽ തുക ചെലവഴിച്ചാണ് കട്ടിലുകൾ വാങ്ങിയിട്ടുള്ളത്. വിശദാംശം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| 68 കട്ടിലുകൾക്കായി ചെലവഴിച്ച ആകെ തുക | 323680 |
| സബ്സിഡി മാർഗ്ഗരേഖ പ്രകാരം ചെലവഴിക്കാവുന്ന പരമാവധി തുക (68x4350) | 295800 |
| അധികം ചെലവഴിച്ചതുക | 27880 |

സബ്സിഡി മാർഗ്ഗരേഖക്കു വിരുദ്ധമായ സ്പെസിഫിക്കേഷനും വിലയുമുള്ള കട്ടിലുകൾ വാങ്ങി നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം-1 /2020-21, തീ-01.07.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. സബ്സിഡി മാർഗ്ഗരേഖ പ്രകാരം വയോജനങ്ങൾക്കുള്ള കട്ടിലിന് പരമാവധി നൽകാവുന്ന സബ്സിഡി 4350/- രൂപയാണ്. ആയതിൽ അധികരിച്ചുള്ള ചെലവ് അംഗീകരിക്കാൻ നിർവ്വാഹമില്ല. അധികം നൽകിയ 27880/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 3-2 പയർകൃഷി വികസനം അനർഹമായി സബ്സിഡി അനുവദിച്ചു

പ്രോജക്ട് നം-205/20-21

അടങ്കൽ -36100

ചെലവ്-36100(ബിൽ നം-247/18-3-21)

നിർവ്വഹണം -കൃഷി ഓഫീസർ

ഗ്രാമപഞ്ചായത്തിൽ 2 ഹെക്ടർ സ്ഥലത്ത് പയർവർഗ്ഗ വിളകളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ലക്ഷ്യമിട്ട പദ്ധതിയിൽ വിവിധ പയർ വർഗ്ഗവിളകൾ കൃഷിചെയ്യതിന്റെ

വിസ്തൃതി കണക്കാക്കി ഹെക്ടറിന് 20000/- രൂപ നിരക്കിൽ ആനുകൂല്യം ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകുന്നതിനായാണ് പദ്ധതി തയ്യാറാക്കിയത്. പദ്ധതി നിർവ്വഹണം പരിശോധിച്ചതിൽ ഓഡിറ്റ് വർഷം താഴെ പറയും പ്രകാരം മൂന്ന് ഗുണഭോക്താക്കൾക്കാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ ധനസഹായം അനുവദിച്ചിട്ടുള്ളത്.

| ഗുണഭോക്താവിന്റെ പേര് | അനുവദിച്ച തുക |
|---|---|
| അബ്ദുള്ള കുത്തപ്പൻകണ്ടി | 2000 |
| വിനീത മഠത്തിൽ മീത്തൽ | 12000 |
| വിഷ്ണു.കെ.എം | 22000 |
| ആകെ | 36100 |

പയർ വർഗ്ഗകൃഷി വികസന പദ്ധതിക്കായി മേൽ കർഷകർ സമർപ്പിച്ച അപേക്ഷകളിൽ അന്വഷണ ഉദ്യോഗസ്ഥൻ പരിശോധന നടത്തി ശുപാർശ ചെയ്തിരിക്കുന്നത് ശ്രീ അബ്ദുള്ള കുത്തപ്പൻകണ്ടിക്ക് 25 സെന്റിന് 2000/- രൂപയും, ശ്രീമതി വിനീത മഠത്തിൽ മീത്തലിന് 1.105 ഹെക്ടർ സ്ഥലത്തിന് 22100/- രൂപയും, ശ്രീ വിഷ്ണു.കെ.എം ന് 150 സെന്റിന് 12000/- രൂപയുമാണ്. പദ്ധതിക്കായുള്ള അപേക്ഷയിൽ ശ്രീമതി.വിനീത 150 സെന്റ് സ്ഥലത്തും, ശ്രീ വിഷ്ണു.കെ.എം 75 സെന്റ് സ്ഥലത്തുമാണ് കൃഷി ചെയ്തതായി രേഖപ്പെടുത്തിയിട്ടുള്ളതും പാട്ട രേഖകൾ സമർപ്പിച്ചിട്ടുള്ളതും എന്നുകാണുന്നു. മേൽ വസ്തുതകൾ പരിശോധിച്ചതിൽ കൃഷിചെയ്ത സ്ഥലത്തിന്റെ വിസ്തൃതിക്കനുസരിച്ചല്ലാതെയും, അന്വേഷണ ഉദ്യോഗസ്ഥന്റെ ശുപാർശയ്ക്ക് വിരുദ്ധമായും ശ്രീ.വിഷ്ണു.കെ.എം ന് അനർഹമായി 16000/- രൂപ സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്. അനർഹമായി നൽകിയ തുക ഉത്തരവാദിയായ കൃഷി ഓഫീസറിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. ചെലവ് തുക 16000/- ഓഡിറ്റിൽ നിരാകരിക്കുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2020-21 | 04.07.2022, 05.07.2022 | ഈ റിപ്പോർട്ടിനോടൊപ്പം |

| | | |
|---|---|---|
| | | പുറപ്പെട്ടുവിച്ച |

4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 1,82,500 | നെൽകൃഷി വികസനം | 1,82,500 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 20,000 | ജൈവ പച്ചക്കറി വികസനം - ഗ്രൂപ്പുകൾക്ക് | 20,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 25,000 | നെൽകൃഷി വികസനം (സ്പിൽ ഓവർ) | 25,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 2,40,000 | കിഴങ്ങ് കൃഷി വികസനം | 2,40,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 2,74,671 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് യാത്രാബത്ത നൽകൽ | 2,74,671 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 49,680 | കറവപശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി | 49,680 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 5,00,000 | ക്ഷീരകർഷകർക്ക് പാലളവിന് ഇൻസന്റീവ് | 5,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 4,00,000 | പുലപ്രകുന്ന് കോളനി വീട് നിർമ്മാണം | 4,00,000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | (സ്പിൽ ഓവർ) | | |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 6,75,000 | ലൈഫ് ഭവന പദ്ധതി - പട്ടികജാതി (സ്പിൽ ഓവർ) | 6,75,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 2,19,000 | നെൽകൃഷി വികസനം | 2,19,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 24,000 | ജൈവ പച്ചക്കറി വികസനം - ഗ്രൂപ്പുകൾക്ക് | 24,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 33,000 | സുഫലം - വിഷരഹിത ഫലം | 33,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 2,10,000 | നെൽകൃഷി വികസനം (സ്പിൽ ഓവർ) | 2,10,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 1,45,500 | മുട്ടഗ്രാമം പദ്ധതി | 1,45,500 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 7,40,000 | ലൈഫ്-ഭവനനിർമ്മാണം | 7,40,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 2,00,000 | ലൈഫ് ഭവന നിർമ്മാണം ജനറൽ | 2,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 3,00,000 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് യാത്രാബത്ത നൽകൽ | 3,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 14,96,269 | ക്ഷീരകർഷകർക്ക് പാലളവിന് ഇൻസന്റീവ് | 14,96,269 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 2,00,000 | ക്ഷീരകർഷകർക്ക് പാലളവിന് | 2,00,000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | ഇൻസന്റീവ് (സ്പിൽ ഓവർ) | | |
| ജില്ലാ പഞ്ചായത്ത് | 2020-21 | 24,00,000 | പുലപ്രകുന്ന് കോളനി വീട് നിർമ്മാണം (സ്പിൽ ഓവർ) | 24,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 6,65,000 | ലൈഫ് ഭവന പദ്ധതി - പട്ടികജാതി (സ്പിൽ ഓവർ) | 6,65,000 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവ ഴിക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| കെ.എസ്. ഇ.ബി | നടുവിലത്തറ കുടിവെള്ള പദ്ധതി ഇലക്ട്രിക് ലൈൻ വലിക്കുന്നതിന് കെ.എസ്. ഇ.ബി ക്ക് | 22000470, 22000471 തീ-15.05.2020 | 32,811 | 32,811 | 0 |

| | | | | | |
|---|---|---|---|---|---|
| | ഡെപ്പോസിറ്റ് ചെയ്യൽ | | | | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരങ്ങൾ

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻ വർഷം എടുത്ത വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന നിർമ്മാണം | സ.ഉ (എം.എസ്) 68/2018. ത.സ്വ.ഭ.വ തീയതി-18/08/2018 | - | 2,68,46,471 | 22,67,804 | -- | 2,45,78,667 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1,12,25,173 |
| തൻവർഷം നിക്ഷേപിച്ച തുക | 58,37,692 |
| ആകെ | 1,70,62,865 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന | * |

| | |
|---|---|
| സ്ഥിരനിക്ഷേപം | 1,70,62,865 |

* ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ പ്രകാരമുള്ള തുക

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക |
|---|---|---|---|---|
| 1 | ഇ.എം.എസ് ആശുപത്രി ഷെയർ | | | 10,000 |
| 2 | മേപ്പയ്യൂർ കോ-ഓപ്പറേറ്റീവ് ടൗൺ ബാങ്ക് | | | 97,22,233 |
| 3 | ട്രഷറി സേവിംഗ്സ് ബാങ്ക്, പയ്യോളി | | | 3,00,000 |
| 4 | ജില്ലാ സഹകരണ ബാങ്ക് കോഴിക്കോട്, മേപ്പയ്യൂർ | | | 17,16,429 |
| 5 | മേപ്പയ്യൂർ സർവ്വീസ് സഹകരണ ബാങ്ക്, മേപ്പയ്യൂർ | | | 53,14,203 |
| ആകെ | | | | 1,70,62,865 |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | വർഷം | | | |
| 1996-97 | 1(9) | 2004-05 പൊതു പരാമർശം | 11.1.2.8 | ബജറ്റ് അംഗീക രിച്ചിട്ടില്ല | തടസ്സം തുടരുന്നു |
| 1997-98 | ഭാഗം 1 | 2004-05 | 11.1.1.5 | ക്യാഷ് ബുക്കും രജിസ്റ്ററും എഴുതിയില്ല | തടസ്സം തുടരുന്നു |
| 1997-98 | 1 | 2004-05 പൊതു പരാമർശം | 11.1.2.6 | ബജറ്റ് അംഗീകരി ച്ചിട്ടില്ല | തടസ്സം തുടരുന്നു |
| 1997-98 | | 2004-05 | 11.1.3.32 | നികുതി പിരിവിൽ അലംഭാവം | തടസ്സം തുടരുന്നു |
| 1998-99 | 1 | 2004-05 പൊതു പരാമർശം | 11.1.2.7 | ബജറ്റ് അംഗീക രിച്ചിട്ടില്ല | തടസ്സം തുടരുന്നു |
| 1998-99 | | 2004-05 പൊതു പരാമർശം | 11.1.3.37 | നികുതി പിരിവിൽ അലംഭാവം | തടസ്സം തുടരുന്നു |
| 1999-00 | 33 | 2003-04 പൊതു പരാമർശം | 11.13.5.11 | മൈത്രി ഭവനപദ്ധതി | തടസ്സം തുടരുന്നു |
| 2000-01 (പദ്ധതി ചെലവ്) | 6 | 2004-05 പൊതു പരാമർശം | 11.1.4.7 | തൊഴിൽ പരിശീലന പദ്ധതികൾ | തടസ്സം തുടരുന്നു |
| 2000-01 | 8 | 2004-05 | 3.11.7.5.1 | കുടിവെള്ള പദ്ധതി-തുക അധികം നൽകി | ബഹു.ഹൈക്കോടതി വിധിയനുസരിച്ച്. നടപടി കെ എസ് ഇ ബി അധിക തുക ക്രമപ്പെടുത്താൻ നിർദ്ദേശം |
| | | 2012-13 അവലേകനം | 2.6.16 | ലൈബ്രറി കളുടെയും സാംസ്കാരിക | തടസ്സം തുടരുന്നു |

| | | | | | |
|---|---|---|---|---|---|
| | | | | നിലയത്തിന്റെയും നടത്തിപ്പ് | |
| 2014-15 | 2-2 | 2016-17 | അനുബന്ധം4 | തൊഴിൽ നികുതി-അപാകതകൾ | തടസ്സം തുടരുന്നു |
| 2015-16 | 2-2 | 2016-17 | അനുബന്ധം5 | തൊഴിൽ നികുതി-അപാകതകൾ | തടസ്സം തുടരുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ഓഡിറ്റ് വർഷം | സർചാർജ് സർട്ടിഫിക്കറ്റ് നം | ഖണ്ഡിക നം | തുക | റിമാർക്സ് |
|---|---|---|---|---|
| 2000-01 | എൽ.എഫ്.14047/ സ്പെ.സെൽ / സിഎസ്സി/ഡി12/13 തീയതി-04.04.2014 | 8(1)(2) | 30916 | തുക ഈടാക്കി 1) 10000/-(രശീത് നം-11601400016 തീയതി-26.03.17) 2)10000/-(രശീത് നം-11601400009 തീയതി-30.12.16) 3)10000/-(രശീത് |

| | | | | |
|---|---|---|---|---|
| | | | | നം-117010500002 തീയതി-15.04.17) 4)916/-(രശീത് നം-117010500007 തീയതി-09.08.17) |
| 2000-01 | എൽ.എഫ്.14047/ സ്പെ.സെൽ/ സിഎസ് സി/ ഡി2/13 തീയതി-04.04.2014 | 8(1)(2) | 30916 | 30916 രൂപ ഈടാക്കി (രശീത് നം-11401100224 തീയതി-12.05.14) |
| 2000-01 | എൽ.എഫ്.14047/ സ്പെ.സെൽ/ സിഎസ് സി/ഡി2/13 തീയതി-11.03.2014 | 8(4) | 28650 | 28650 രൂപ ഈടാക്കി (രശീത് നം-11501103719 തീയതി-14.12.15) |

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 7,99,30,905 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 8,64,95,307 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 43,880 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 10,30,420 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | നഷ്ടമായ തുക | ഉത്തരവാദിയായ |
|---|---|---|

| നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-1 | | 27,880 | അനിൽകുമാർ.കെ.പി, അസി.സെക്രട്ടറി |
| 3-2 | | 16,000 | രാജി.വി.പി, കൃഷി ഓഫീസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 7,90,420 | മൊയ്തീൻ ഷാ.എൻ.കെ, കൃഷി ഓഫീസർ |
| 1-19 | 2,40,000 | പുഷ്പ.കെ.പി, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| ആകെ | 10,30,420 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | സമയത്തെ) ഔദ്യോഗിക മേൽവിലാസം | |
| അനിൽകുമാർ.കെ.പി, അസി.സെക്രട്ടറി | സെക്രട്ടറി, ബലാൽ ഗ്രാമപഞ്ചായത്ത്, കാസർഗോഡ് | ഗീതാഞ്ജലി, വാകയാട്, കോഴിക്കോട്, 673614 |
| രാജി.വി.പി, കൃഷി ഓഫീസർ | കൃഷി ഓഫീസർ, ഓമശ്ശേരി ഗ്രാമപഞ്ചായത്ത് | ആനന്ദ്, പനങ്ങാട്ട്, കുരുവട്ടൂർ, കോഴിക്കോട്-673611 |
| മൊയ്തീൻ ഷാ.എൻ.കെ, കൃഷി ഓഫീസർ | കൃഷി ഓഫീസർ, കീഴരിയൂർ ഗ്രാമപഞ്ചായത്ത് | നെല്ലിക്കാംകണ്ടി, കക്കാട്(പി.ഒ), പുതുപ്പാടി, കോഴിക്കോട് |
| പുഷ്പ.കെ.പി, ഐ.സി.ഡി.എസ് സൂപ്പർവൈസർ | വിരമിച്ചു | ഷിഷ, ഇരിങ്ങൽ (പി.ഒ), വടകര, കോഴിക്കോട്-673521 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം |
|---|---|---|---|
| 1999-00 | കെ.എസ്.എ.കെ.കെ.ഡിപി9/ 1137/18 തീയതി 20.03.18 | 1 | 33 |
| 2000-2001 | കെ.എസ്.എ.കെ.കെ.ഡി/പി6/ | 1 | 3-7 |

| | | | |
|---|---|---|---|
| | 1068/2021(3) തീ-31.03.2022 | | |
| 2001-2002 | കെ.എസ്.എ.കെ.കെ.ഡി/പി6/ 1068/2021(4) തീ-31.03.2022 | 1 | 10(3) |
| 2002-2003 | കെ.എസ്.എ.കെ.കെ.ഡി/പി6/ 1068/2021(5) തീ-31.03.2022 | 1 | 3-10 |
| 2003-2004 | കെ.എസ്.എ.കെ.കെ.ഡിപി9/ 1137/18 തീയതി 20.03.18 | 4 | 3-2, 3-3, 3-4, 3-5 |
| 2006-2007 | കെ.എസ്.എ.കെ.കെ.ഡി.പി9/ 260/11 തീയതി 08.03.11 | 21 | 2-1, 2-2, 2-3, 2-4, 2-5, 2-6, 2-7, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14 |
| 2007-2008 | കെ.എസ്.എ.കെ.കെ.ഡി.പി9/ 1436/12 തീയതി 08.10.12 | 31 | 2-1, 2-2, 2-3, 2-4, 2-5, 2-6, 2-7, 2-8, 2-9, 2-10, 2-11, 2-12, 2-13, 2-15, 2-16, 2-17, 2-18, 2-19, 3-4, 3-20, 3-21, 3-22, 3-23, 3-24, 3-25, 3-26, 3-27, 3-28, 3-29, 3-30, 3-31 |
| 2008-2009 | കെ.എസ്.എ.കെ.കെ.ഡി/പി6/ 1279/2021(1) തീ-04.04.2022 | 25 | 1-3,1-5,2-2,2-4, 2-5, 2-6, 3-1, 3-2, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-19 |
| 2009-2010 | കെ.എസ്.എ.കെ.കെ.ഡി/പി6/ 1279/2021(2) തീ-04.04.2022 | 22 | 2-4,2-6,2-7, 2-8, |

| | | | |
|---|---|---|---|
| | | | 3-1, 3-2, 3-5,<br>3-7,3-8, 3-10,<br>3-14,3-15, 3-16,<br>3-17(A),3-19,3-20,<br>3-21, 3-22, 3-23,<br>3-24, 4-6, 4-7 |
| 2010-2011<br>2011-2012 | കെ.എസ്.എ.കെ.കെ.ഡി.പി9/<br>654/15 തീയതി 25.04.15 | 28 | 1-5, 1-7, 2-2(1),<br>2-3(2,4), 2-5, 3-1,<br>3-2, 3-3, 3-4,<br>3-5, 3-6, 3-9,<br>3-10,<br>3-11, 3-12, 3-13,<br>3-14, 3-16, 3-17,<br>3-18, 3-20,<br>3-22(1,2,3), 3-23,<br>3-24,<br>3-25, 3-28, 4-3,<br>4-5 |
| 2012-2013<br>2013-2014 | കെ.എസ്.എ.കെ.കെ.ഡി.പി9/<br>1663/15 തീയതി 15.10.15 | 31 | 1-4, 2-1, 3-1, 3-2,<br>3-3, 3-4, 3-5, 3-6,<br>3-7, 3-8, 3-9,<br>3-10, 3-11, 3-12,<br>3-13, 3-14,<br>3-15(A), 3-15(B),<br>3-16, 3-17, 3-18,<br>3-19, 3-20,<br>3-21(A), 3-21(B),<br>3-22, 4-1, 4-2,<br>4-3,<br>4-10, 4-11 |
| 2014-15 | കെ.എസ്.എ.കെ.കെ.ഡി/പി10/<br>838/2021 തീ-17.07.2021 | 16 | 2-2(1), 2-2(3),<br>2-2(5), 2-2(6),<br>2-4(1), 2-4(2), |

| | | | |
|---|---|---|---|
| | | | 2-5, 3-1, 3-2, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-11 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി/പി10/ 837/2021 തീ-16.07.2021 | 9 | 2-2, 2-3, 3-1, 3-4, 3-8, 3-9, 3-10, 3-11, 3-12 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി.പി9/ 78/18 തീയതി 05.04.18 | 14 | 1-9, 2-1, 2-2, 2-3, 2-4, 3-3, 3-4, 3-5, 3-6, 3-8, 3-11, 3-15, 4-7, 4-9 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി/പി10/ 200/2020 തീ-02.07.2020 | 14 | 2-2, 2-3, 2-5, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-10, 3-11, 3-12, 4-10 |
| 2018-19 | കെ.എസ്. എ. കെ. കെ. ഡി. പി4/213/2020 തീ.-22.01.2021 | 12 | 1-4, 1-7, 1-8, 1-9, 1-11, 1-12, 1-13, 1-14, 1-16, 1-18, 1-19, 4-11 |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി/പി6/ 445/2023 തീ-08.04.2020 | 27 | 1-1, 1-2, 1-3, 1-4, 1-5, 1-6, 1-7, 1-8, 1-9,1-10, 1-11, 1-12, 1-13, 1-14,1-15, 1-16,1-17, 1-18, 1-19, 1-20, 1-21, 1-22, 1-23, 1-24, 1-25, 1-26, 1-27 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ മേപ്പയൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ മേപ്പയൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്